# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2025 ജനുവരി 9 | ദീപം 57 | നാളം 43 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





# കാലം കണ്ണാടി നോക്കുമ്പോൾ


അനിൽ ജെ. തയ്യിൽ


ഒരു വർഷത്തെ അവസാനരാവൊടുങ്ങി പകൽ തെളിയുമ്പോഴുണ്ടാകുന്ന പ്രകാശംമാത്രമാണോ പുതുവർഷം? കൂടെയുള്ള വ്യക്തികളും ശീലങ്ങളും ജോലികളും അങ്ങനെതന്നെ തുടരവേ, പുതുവർഷത്തിന്റെ പ്രസക്തി നമ്മുടെ ഉള്ളിൽനിന്നുള്ള മാറ്റങ്ങളിലും പ്രവർത്തനങ്ങളിലുമാണ്. മനുഷ്യചരിത്രത്തിന്റെ ഏടുകളിൽ സംഘർഷങ്ങളുടെയും പ്രതീക്ഷകളുടെയും വൈരുധ്യങ്ങൾ എന്നുമുണ്ടായിരുന്നു. മനുഷ്യരാശിയെന്ന വടവൃക്ഷത്തിന്റെ കൊഴിഞ്ഞുപോയ ഇലകൾക്കു പകരം തളിർത്ത ഇലകളാണ് വർത്തമാനകാലജന്മങ്ങൾ. ഏതു സംഘർഷത്തിലും തകർച്ചയിലും വേരൂന്നിനിന്ന് വളരുക തന്നെയായിരുന്നു മനുഷ്യർ. മാറ്റപ്പെടേണ്ടവ മാറുകയും മുന്നോട്ടുപോകേണ്ടത് അങ്ങനെതന്നെ തുടരുകയും വേണം. കഴിഞ്ഞകാല അനുഭവങ്ങൾ നല്കുന്ന തിരിച്ചറിവുകൾ വരുംകാലങ്ങളിൽ വഴിവിളക്കായി തെളിയണം. കൊഴിഞ്ഞയിലകൾ പെറുക്കിയെടുത്തു ചേർത്തുവയ്ക്കുമ്പോൾ രൂപംകൊള്ളുന്ന ചിത്രങ്ങൾ വരുംകാലത്തേക്കുള്ള തിരിച്ചറിവുകളാണ്.

**കർഷകനു കഞ്ഞി കുമ്പിളിൽത്തന്നെ**

മണ്ണിൽ പൊന്നുവിളയിക്കുന്ന കർഷകന് കണ്ണീരുണങ്ങാക്കാലം ബാക്കിയാക്കി 2024 മറയുമ്പോൾ വെറുതെയെങ്കിലും പ്രത്യാശയോടെ അവൻ വരുംവർഷത്തെ കാത്തിരിക്കുന്നു. നാടിനെ അന്നമൂട്ടുന്നവന്റെ വീട്ടിൽ അന്നം മുട്ടി നെഞ്ചകം പിടയുന്നത് ആരുടെയും കരളുരുക്കുന്നില്ല. കാർഷികോത്പാദന - ജീവിതച്ചെലവുകൾ ഉയരങ്ങൾ താണ്ടുമ്പോൾ വരവിന്റെ ഗ്രാഫ് കീഴ്പോട്ടു കുതിക്കുന്നു. പ്രധാന നാണ്യവിളയായ റബർ 250 രൂപ എന്ന റെക്കോർഡ് വിലയിൽ ചെന്നു മുട്ടിയിട്ട് നൂറ്റെൺപതിലേക്കു കൂപ്പുകുത്തിയ ദയനീയമായ അവസ്ഥയിലും, താങ്ങുവില ഉയർത്താതെ വ്യവസായികൾക്ക് ഓശാന പാടുന്ന സർക്കാർവ്യവസ്ഥിതിയോടാണ് യഥാർഥത്തിൽ കർഷകനു പടവെട്ടേണ്ടിവരുന്നത്. ഷീറ്റുവില 200 രൂപയിലെത്താതെ ചരക്കു വിൽക്കില്ലെന്ന സംഘടിത കർഷകനിലപാടിനെതിരേ വിപണിയിൽനിന്നു വിട്ടുനിന്ന് പ്രതികരിച്ച ടയർലോബിതന്നെ വിജയിച്ചു. മുതലാളിത്ത ചൂഷകനയത്തിന്റെ ഇരകളായി മാറി കേരളത്തിലെ കർഷകർ.

**കണ്ണീരണിഞ്ഞ കാലംമാത്രം**

കൊയ്ത്തു ബാക്കിയായി കരളുരുകി പിടയുകയാണ് നെൽക്കർഷകർ.

നഷ്ടക്കണക്കിന്റെ പറ്റുചീട്ടുമായി സംഭരിച്ച നെല്ലിന്റെ പണം വാങ്ങാൻ കയറിയിറങ്ങി തളർന്നവർ ജപ്തിഭീഷണിയുടെ ദുരന്തമുഖങ്ങളിൽ ആത്മഹത്യാമുനമ്പിലൊടുങ്ങുകയാണ്. കൊയ്ത്തുയന്ത്രക്ഷാമം, ഓരു വെള്ളഭീഷണി, നെല്ലുസംഭരണത്തിലെ പാകപ്പിഴകൾ തുടങ്ങി നിരവധി പ്രശ്നങ്ങളുടെ തിരത്തള്ളലിൽ കാലുറപ്പിച്ചു നിൽക്കാനാവാതെ തളരുകയാണ് നെൽക്കർഷകർ. കൃഷിനാശത്തിനു നഷ്ടപരിഹാരവും ലഭിക്കുന്നില്ല. കേന്ദ്രസർക്കാർ നെല്ലിന്റെ താങ്ങുവില ഉയർത്തിയെങ്കിലും ആനുപാതികമായ വർധന സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാവുന്നില്ല എന്നു മാത്രമല്ല, കേന്ദ്രം നൽകുന്ന താങ്ങുവില സംസ്ഥാനസർക്കാർ നൽകുന്ന ഉത്പാദനപ്രോത്സാഹനത്തിൽനിന്ന് പൂർണമായി കുറയ്ക്കുന്ന കണ്ണിൽചോരയില്ലാത്ത നടപടിയാണ് ഉണ്ടായത്.

എന്നാൽ, നാളികേരക്കർഷകർക്കു ശുഭവാർത്തയാണ് പുതുവർഷം സമ്മാനിച്ചത്. കേന്ദ്രസർക്കാർ കൊപ്രയുടെ താങ്ങുവില 11,582 രൂപയായി ഉയർത്തിയതോടെ നാളികേരക്കർഷകർക്ക് മികച്ച വരുമാനം ഉറപ്പാവുകയും വർധിച്ചുവരുന്ന നാളികേരയുത്പന്നയാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഉത്പാദനവർധനയ്ക്കു കാരണമാവുകയും ചെയ്യും. പച്ചത്തേങ്ങാവിലയാവട്ടെ, ഏഴു വർഷത്തിനിടയിലെ റെക്കോർഡ് വിലയും തൊട്ടു. ക്വിന്റലിന് 5200 രൂപയാണ് നിലവിൽ പച്ചത്തേങ്ങയുടെ വില.

കഴിഞ്ഞ ഏതാനും ആഴ്ചകളായി 590 - 600 രൂപ നിരക്കിൽ ആടിയുലയാതെ നിൽക്കുന്ന കുരുമുളകുവില 2025 ലും കാര്യമായി ഇടിയാൻ സാധ്യത കാണുന്നില്ല. അന്താരാഷ്ട്രസംഘർഷങ്ങൾ, കാലാവസ്ഥാവ്യതിയാനങ്ങൾ, ഉയർന്ന ഡോളർ വിനിമയനിരക്ക് എന്നിവയ്ക്കു പുറമേ ഏറെ ആവശ്യക്കാരുള്ളതും കുരുമുളകുവിലയെ ആകർഷകമായി നിലനിർത്തും. അതേസമയം, കേരളത്തിൽ രാത്രി താപനില കുറഞ്ഞിരിക്കുന്നതും പകൽ ചൂടു കൂടുന്നതുമായ കാലാവസ്ഥാപ്രതിഭാസം ആവിർഭവിച്ചത് കുരുമുളകുതിരികൾ അടരുന്നതിനു കാരണമായി. ഇത് തോട്ടംമേഖലയിലെ കുരുമുളകുകൃഷി പ്രതിസന്ധിയിലാക്കി. വിദേശകുരുമുളകിന്റെ ഇറക്കുമതിവർധനയും അവ നാടൻ കുരുമുളകിൽ കലർത്തിയുള്ള വില്പനയും കർഷകർക്കു വെല്ലുവിളിയാണ്.

ഏലംകർഷകർക്കു ശുഭദായകമാണ് പുതിയ വിലകൾ. കഴിഞ്ഞവർഷം ഇതേസമയം 1600 രൂപയായിരുന്ന ഏലക്കാവില ഈ മാസം കിലോയ്ക്ക് 2898 ആയി ഉയർന്നു. വരൾച്ചമൂലമുണ്ടായ ഉത്പാദന ഇടിവും കയറ്റുമതി ആവശ്യം ഉയർന്നതും ഏലക്കാവില കൂടാൻ ഇടയാക്കി.

**ദേശീയ സമ്പദ്‌വ്യവസ്ഥ**

ഓഹരിവിപണിയിലെ പുതുവത്സരാഘോഷങ്ങൾ കെങ്കേമം തന്നെയെന്ന് സൂചനകൾ. വിപണിയിലെ വെടിക്കെട്ടുപുരയിൽ വർണാങ്കിത അമിട്ടുകൾതന്നെ പൊട്ടിവിരിയും. സെൻസെക്സ് 90000 പോയിന്റിനു മുകളിലും നിഫ്റ്റി 29,000 വരെയും ഉയർന്നേക്കാമെന്ന് ലോകസാമ്പത്തികവിദഗ്ധരുടെ പ്രവചനം. പുതിയ കേന്ദ്രബജറ്റിൽ ഉണ്ടാവുമെന്നു പ്രതീക്ഷിക്കുന്ന 15 ലക്ഷം രൂപയുടെ ആദായനികുതിയിളവുപരിധി യാഥാർഥ്യമായാൽ വിപണിയിലേക്കു പണമൊഴുക്കു കൂടും. പ്രവചനക്കുതിപ്പു യാഥാർഥ്യമായാൽ നിക്ഷേപസമ്പാദനമാർഗമെന്ന നിലയിൽ സ്വർണത്തെ പിന്നിലാക്കി ഓഹരി മുന്നേറുമെന്നു നിസ്തർക്കം പറയാം. നിലവിലുള്ള 17.76 കോടി ഡീമാറ്റക്കൗണ്ടുകൾ 22 കോടിക്കു മുകളിലാവുമെന്ന് വിദഗ്ധർ കണക്കുകൂട്ടുന്നു. വിദേശനിക്ഷേപകർ വിറ്റൊഴിയുന്നതു തുടർന്നാൽ വിപണിയെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്. ഡോളറുമായുള്ള വിനിമയമൂല്യത്തിലെ രൂപയുടെ ഇടിവ് തുടരാനാണു സാധ്യത. നിലവിലെ 85.82 രൂപയുടെ ഡോളർമൂല്യം 90 രൂപവരെ എത്തിയേക്കാം. കച്ചവടക്കണ്ണുള്ള ട്രംപിന്റെ ഇറക്കുമതിനയം ഡോളർസൂചിക വർധിപ്പിച്ച് രൂപയുടെ വിലയിടിവിനു കാരണമാകും.

ക്രിപ്റ്റോ കറൻസികളോടുള്ള താത്പര്യം കൂടിയത് അവയുടെ വിപണിമൂല്യം 5 ലക്ഷം കോടി ഡോളറാക്കി വർധിപ്പിച്ചേക്കാമെന്നു കരുതുന്നു. ക്രിപ്റ്റോ കറൻസിയിൽ മികച്ച താത്പര്യങ്ങളുള്ള ഡൊണാൾഡ് ട്രംപും ലോകകോടീശ്വരൻ ഇലോൺ മസ്കും കൈകോർത്തുഭരിക്കുന്ന ഈ കാലഘട്ടം ക്രിപ്റ്റോ കറൻസികളുടെ സുവർണകാലമെന്നു രേഖപ്പെടുത്തപ്പെട്ടേക്കാം. തുടർന്നുകൊണ്ടേയിരിക്കുന്ന രണ്ടു വൻയുദ്ധങ്ങളും അമേരിക്കൻ ഫെഡറൽ റിസർവിന്റെ ഇടപെടലും സ്വർണവിലയിൽ 36 ശതമാനത്തോളം വർധന രേഖപ്പെടുത്തി ചരിത്രം കുറിച്ചു. കഴിഞ്ഞ കേന്ദ്രബജറ്റിൽ സ്വർണത്തിന് ഇറക്കുമതിതീരുവ ഒമ്പത് ശതമാനം കുറച്ചത് ഇന്ത്യയിൽ അല്പം വിലക്കുറവ് പ്രകടമാക്കി. ഡൊണാൾഡ് ട്രംപിന്റെ വിജയം ആഗോളവിപണിയിൽ സ്വർണക്കുതിപ്പിന് തടയിട്ടെങ്കിലും നിക്ഷേപമെന്ന നിലയിൽ സ്വർണം 2025 ലും നിരാശപ്പെടുത്തില്ല. ട്രംപ് അധികാരം ഏൽക്കുന്നതോടെ സ്വർണവില അല്പകാലത്തേക്ക് ഇടിഞ്ഞേക്കാമെങ്കിലും അത് നീണ്ടുനിൽക്കില്ല. റഷ്യൻയുദ്ധത്തിനു വിരാമമുണ്ടായാലും പശ്ചിമേഷ്യൻസംഘർഷം ഉടനെങ്ങും അവസാനിക്കില്ല എന്നതു തന്നെ കാരണം.


▶ 10

# അഗ്നിശുദ്ധിയിൽ ദീപ്തമായ 95 വർഷങ്ങൾ

## ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ ഓർമയായിട്ട് രണ്ടുവർഷം തികയുന്നു




ഡോ. ജോർജ് തയ്യിൽ

**ലോ**കചരിത്രം ഇന്നു നാം കാണുന്ന രീതിയിൽ നിർമിതമായിട്ടുള്ളത് സ്വന്തം വിശ്വാസത്തിൽ വേരൂന്നിനിന്നു പ്രവർത്തിച്ച ഏതാനും വ്യക്തിത്വങ്ങളുടെ പ്രവർത്തനഫലമായിട്ടാണ്. സ്വയം വിശ്വാസത്തിലും വിവേകത്തിലും അടിപതറാതെ നിന്നു പ്രവർത്തിച്ചപ്പോൾ അവരിൽ അന്തർലീനമായിരുന്ന ദൈവികത മറ്റുള്ളവർക്കു സമൃദ്ധമായി നൽകാൻ അവർ പ്രാപ്തരായി. ഞാൻ പറഞ്ഞുവരുന്നത് 2022 ഡിസംബർ 31-ാം തീയതി 95-ാമത്തെ വയസ്സിൽ ഇഹലോകത്തോടും താനേറെ സ്നേഹിച്ചിരുന്ന സഭാവിശ്വാസികളോടും എന്നന്നേക്കുമായി യാത്ര പറഞ്ഞുപോയ ബെനഡിക്ട് പതിനാറാമൻ മാർപാപ്പായെപ്പറ്റിയാണ്. സഭയുടെ നന്മമാത്രം കാംക്ഷിച്ച നിഷ്കാമകർമിയായ ആ ദൈവശാസ്ത്രജ്ഞൻ എട്ടുവർഷക്കാലത്തോളം ലോകമനഃസാക്ഷിയുടെ കരുത്തുറ്റ സ്വരമായി വിരാജിച്ചു. നടപ്പാക്കിയത് എന്നും പരിശുദ്ധാത്മാവിന്റെ തീരുമാനങ്ങൾ മാത്രം. അതേ, ഒരു ഇതിഹാസത്തിൽ മുങ്ങിത്താണ അനുഭവങ്ങൾകൊണ്ടു സമ്പന്നമാണ് ആ ജീവിതം. ആത്മീയതയുടെ ആയിരം സൂര്യതേജസ്സുള്ള ഇതിഹാസം. ഈ ഡിസംബർ 31-ന് ആ പുണ്യപുരുഷന്റെ രണ്ടാം ചരമവാർഷികം.

അക്ഷരങ്ങളെ അകമഴിഞ്ഞു സ്നേഹിക്കുകയും അവയെ മനുഷ്യനന്മയ്ക്കായി പുസ്തകത്താളുകളിൽ പെറുക്കിയടുക്കിവയ്ക്കാൻ ഒരു ജീവിതകാലംതന്നെ മാറ്റിവയ്ക്കുകയും ചെയ്ത വ്യക്തിയായിരുന്നു ജോസഫ് റാറ്റ്സിങ്ങർ. അപ്പപ്പോൾ ഉയർന്നുവന്ന ഔദ്യോഗികജീവിതത്തിലെ പദവികളോ അവയുടെ തിരക്കുകളോ ഒന്നും അദ്ദേഹത്തിന്റെ രചനാജീവിതത്തെ അലോസരപ്പെടുത്തിയില്ല. ഈടുറ്റ ദൈവശാസ്ത്രകൃതികൾ അപൂർവമായിരുന്ന, പുരോഗമനദൈവശാസ്ത്രകാരന്മാരുടെ വികലരചനകൾ വായിച്ചു മനം മടുത്ത വിശ്വാസികളുടെ അഭിശപ്തമായ ഒരു ജീവിതകാലത്ത്, അവർക്കു നേർവഴികൾ കാണിച്ചുകൊടുക്കാൻ റാറ്റ്സിങ്ങർ ഗ്രന്ഥങ്ങൾ എഴുതിത്തുടങ്ങി - പ്രൊഫസറായി, കർദിനാളായി, പിന്നെ മാർപാപ്പയായി. സത്യത്തിന്റെ സ്ഥാനത്ത് വിഷത്തുരുമ്പുകൾ ഏറുകയും അവ വിശ്വാസികളുടെ ആത്മീയജീവിതത്തെ കാർന്നുതിന്നുകയും ചെയ്ത വേളകളിൽ റാറ്റ്സിങ്ങർ തന്റെ പേന മുറുകെപ്പിടിച്ചെഴുതി. അശുഭവിശ്വാസികളും മതപണ്ഡിതരും ബുദ്ധിജീവികളും വിമോചനദൈവശാസ്ത്രജ്ഞരും തിരക്കിട്ട് ആ ഗ്രന്ഥങ്ങൾ വാങ്ങി വായിച്ചുതീർത്തു. അങ്ങനെ, അറുപത്തിയാറു പുസ്തകങ്ങൾ ബെനഡിക്ട് പാപ്പാ പ്രസിദ്ധീകരിച്ചു. 1963 മുതൽ 2012 വരെയുള്ള കാലഘട്ടത്തിൽ റാറ്റ്സിങ്ങർ എന്ന യാഥാസ്ഥിതിക ദൈവശാസ്ത്രജ്ഞൻ എഴുതിത്തീർത്ത ഗ്രന്ഥങ്ങൾ കത്തോലിക്കാസഭയുടെ വിശ്വാസഗോപുരത്തെ ഉയരത്തിൽ പുനഃപ്രതിഷ്ഠിച്ചു.

1951 ൽ വൈദികപട്ടം സ്വീകരിച്ചശേഷം ഏതാണ്ട് ഒന്നര വർഷക്കാലംമാത്രമാണ് റാറ്റ്സിങ്ങർ സഹവികാരിയായി ഇടവകസേവനം നടത്തിയത്. പിന്നീട്, ദൈവശാസ്ത്രഗവേഷണരംഗത്തേക്കു പ്രവേശിക്കുകയാണുണ്ടായത്. മ്യൂണിക്കിലെ ലുഡ്‌വിഗ്-മാക്സിമിലിയൻ യൂണിവേഴ്സിറ്റിയിൽനിന്നു ഡോക്ടറേറ്റും ഹബിലിറ്റേഷനും 1957 ൽ പൂർത്തിയാക്കി. പിന്നീട് ഫ്രൈസിങ്ങിലെ ദൈവശാസ്ത്രവിദ്യാപീഠത്തിൽ അധ്യാപകനായി പ്രവേശിച്ചതോടെ എഴുത്തിന്റെ വിസ്മയലോകത്തേക്കു കരുത്തുറ്റ ഒരു വിശ്വാസസംരക്ഷകനായി കടന്നുചെന്നു.

വിദ്യാർഥിയായും ഡോക്ടറായും ജർമനിയിൽ ചെലവഴിച്ച ഇരുപതുവർഷക്കാലത്ത് എനിക്കുണ്ടായ അവിസ്മരണീയമായ അനുഭവം റാറ്റ്സിങ്ങർ കുടുംബവുമായുള്ള ഹൃദയംഗമമായ ബന്ധമായിരുന്നു. മ്യൂണിക്കിലും ഓസ്ട്രിയയിലും പഠനത്തോടും ജോലിയോടുമൊപ്പം എന്റെ ജീവിതത്തെ ഏറെ സ്വാധീനിച്ചതും റാറ്റ്സിങ്ങർ കുടുംബാംഗങ്ങളായ മരിയയും ജോർജച്ചനും ജോസഫച്ചനും (പിന്നീട് ബെനഡിക്ട് പാപ്പാ) തന്നെ. അവർ എളിയവനായ ഈ മെഡിക്കൽ വിദ്യാർഥിയെ അവരുടെ കുടുംബത്തോടു ചേർത്തുവച്ചു.



എഴുപതുകളുടെ ആരംഭത്തിൽ മ്യൂണിക്കിലെ ലുഡ്‌വിഗ്-മാക്സിമിലിയൻ യൂണിവേഴ്സിറ്റിയിൽ മെഡിക്കൽവിദ്യാഭ്യാസം തുടങ്ങിയപ്പോൾ, അതേ യൂണിവേഴ്സിറ്റിയിൽത്തന്നെ തിയോളജി പഠിപ്പിക്കുന്ന പ്രൊഫസർ ജോസഫ് റാറ്റ്സിങ്ങറെ നേരിട്ടു പരിചയപ്പെടാൻ എനിക്കവസരം ലഭിച്ചു. ബോൺ, മ്യൂൻസ്റ്റർ, ത്വീബിങ്ങൻ എന്നീ യൂണിവേഴ്സിറ്റികളിലെ തിയോളജി അധ്യാപനത്തിനുശേഷം റേഗൻസ്ബൂർഗ് സർവകലാശാലയിൽ ഡോഗ്മാറ്റിക്തിയോളജി വിഭാഗത്തിന്റെ മേധാവിയായി എത്തി. ആ സമയത്താണദ്ദേഹം മ്യൂണിക് യൂണിവേഴ്സിറ്റിയിൽ വന്ന് ദൈവശാസ്ത്രക്ലാസുകളെടുത്തത്. പലപ്പോഴും വൈകുന്നേരങ്ങളിൽ സ്നേഹസംഭാഷണങ്ങൾ നടത്തിയ എന്നെ അദ്ദേഹം റേഗൻസ്ബൂർഗിനടുത്തുള്ള പെന്റ് ലിങ്ങിലെ സ്വന്തം വസതിയിലേക്കു ക്ഷണിച്ചു. അദ്ദേഹമന്ന് പെന്റ് ലിങ്ങിലെ വസതിയിൽ സഹോദരി മരിയയോടും സഹോദരൻ ജോർജിനോടുമൊപ്പം താമസിച്ചിരുന്ന നാളുകൾ. അങ്ങനെ ഞാൻ ആ കുടുംബത്തിലെ നിത്യസന്ദർശകനായി മാറി.

റാറ്റ്സിങ്ങറുടെ ദൈവശാസ്ത്രതത്ത്വചിന്തകളുടെ രചനാകാലഘട്ടം, അജപാലകനെന്ന നിലയിൽ കത്തോലിക്കാസഭ ആഗോളതലത്തിൽ നേരിടുന്ന വെല്ലുവിളികൾക്കുള്ള താത്ത്വികവും പ്രായോഗികവുമായിട്ടുള്ള മറുപടികളായാണു വിശേഷിപ്പിക്കപ്പെടുന്നത്. തികഞ്ഞ ഗവേഷകനും ദൈവശാസ്ത്ര അധ്യാപകനുമായി ചെലവഴിച്ചിരുന്ന കാലം (1953 -1977); ആർച്ചുബിഷപ്പും കർദിനാളുമായി മ്യൂണിക്കിൽ ചെലവഴിച്ച കാലഘട്ടം (1977-1981), അതിനുശേഷം വിശ്വാസതിരുസംഘത്തിന്റെ അധ്യക്ഷനായി വത്തിക്കാനിൽ പ്രവർത്തനനിരതമായ കാലയളവ് (1981 -2005); പിന്നീട് മാർപാപ്പാ ആയതിനുശേഷം കത്തോലിക്കാസഭയെ വിശ്വാസത്തിന്റെ തീക്ഷ്ണതയിൽ നയിച്ച കാലഘട്ടം (2005-2013). 2013 ഫെബ്രുവരി 11-ാം തീയതി മാർപാപ്പാ സ്ഥാനത്യാഗപ്രഖ്യാപനം നടത്തുന്നു. 2013 ൽ സ്ഥാനത്യാഗം ചെയ്തശേഷം 2022 വരെയുള്ള 9 വർഷങ്ങൾ സഭയ്ക്കും സഭാവിശ്വാസികൾക്കുമായി നിരന്തരം പ്രാർഥിച്ചും ഗ്രന്ഥരചനകൾ നടത്തിയും നിശ്ശബ്ദജീവിതം നയിച്ചു.

1968 ൽ രചിക്കപ്പെട്ട 'ക്രൈസ്തവികതയ്ക്ക് ഒരാമുഖം' എന്ന ഗ്രന്ഥം ദൈവശാസ്ത്രജ്ഞർ ഏറെ ചർച്ച ചെയ്ത പ്രമുഖമായ റാറ്റ്സിങ്ങർകൃതിയാണ്. വാസ്തവത്തിൽ, ജോസഫ് റാറ്റ്സിങ്ങർ എന്ന ദൈവശാസ്ത്രജ്ഞൻ കത്തോലിക്കാസഭയുടെ തലപ്പത്ത് എത്തിച്ചേരാൻ നിമിത്തമായതും ഈ ഗ്രന്ഥംതന്നെ. ഇതിഹാസസമാനമായ ഈ കൃതി അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണങ്ങളിലെ പന്ത്രണ്ടു ഭാഗങ്ങളുടെ ഗാഢമായ വ്യാഖ്യാനമാണ്. ക്രിസ്തീയവിശ്വാസത്തെ അടിമുടി എതിർക്കുന്നവർക്കുള്ള ചുട്ട മറുപടിയാണീ പുസ്തകമെന്നു പറയാം.

ആറു പതിറ്റാണ്ടിലേറെ ദൈവശാസ്ത്രജ്ഞനെന്ന നിലയിൽ വായിച്ചറിഞ്ഞ വിവരങ്ങൾ മുഴുവൻ സംക്ഷിപ്തമായി വിവരിക്കുന്ന റാറ്റ്സിങ്ങറുടെ 'മാസ്റ്റർ പീസ്' മൂന്നു വാല്യങ്ങളിലായി എഴുതപ്പെട്ട 'നസ്രത്തിലെ യേശു' എന്ന കൃതിയാണ്. റാറ്റ്സിങ്ങർ വിരചിച്ച സുവിശേഷം എന്നാണ് ഈ ബൃഹദ്കൃതി അറിയപ്പെടുന്നത്. അന്ധമായ ശാസ്ത്രത്തിന്റെയും പച്ചയായ ചരിത്രത്തിന്റെയും പശ്ചാത്തലത്തിൽ യേശുവെന്ന വ്യക്തിയെ ചരിത്രത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ വേർതിരിച്ചുകാണാൻ വെമ്പൽകൊണ്ട പുരോഗമനവാദികൾക്കു മുന്നിൽ ഈ ഗ്രന്ഥം കത്തോലിക്കാവിശ്വാസസംരക്ഷണത്തിന്റെ ആണിക്കല്ലായി മാറി. ചരിത്രത്തിലും വിശ്വാസത്തിലും കാണുന്ന യേശു രണ്ടല്ല ഒന്നുതന്നെയെന്ന് റാറ്റ്സിങ്ങർ സമർഥിച്ചു.

ബെനഡിക്ട് പതിനാറാമനെ ലോകം സ്മരിക്കുക ദൈവശാസ്ത്രപണ്ഡിതനായ മാർപാപ്പാ എന്ന നിലയിലായിരിക്കും. മരുഭൂമിയിൽ ജ്വലിച്ചിറങ്ങുന്ന സൂര്യോദയംപോലെ അദ്ദേഹത്തിന്റെ രചനകൾ എക്കാലവും വായിക്കപ്പെടും. വിശ്വാസസംരക്ഷണത്തിന്റെ കരങ്ങൾ ദുർബലമാകുമ്പോൾ ഭാവിയിൽ സഭാനേതാക്കൾ അഭയം തേടുന്നത് റാറ്റ്സിങ്ങർ രചിച്ച ഗ്രന്ഥങ്ങളിലായിരിക്കും.

ആത്മീയതയുടെ ആയിരം സൂര്യതേജസ്സുള്ള ഒരു ഇതിഹാസമാണദ്ദേഹം. എല്ലാ അർഥത്തിലും ഒരു വിശുദ്ധനാണ്, ഞാനറിയുന്ന ബെനഡിക്ട് പതിനാറാമൻ.



*അപ്നാദേശ് ദ്വൈവാരികയുടെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾക്കു തുടക്കംകുറിച്ചുകൊണ്ടുള്ള സമ്മേളനം കോട്ടയം ബിസിഎം കോളജ് ഓഡിറ്റോറിയത്തിൽ മന്ത്രി വി. എൻ. വാസവൻ ഉദ്ഘാടനം ചെയ്യുന്നു. കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട്, സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം, ദീപനാളം ചീഫ് എഡിറ്റർ ഫാ. കുര്യൻ തടത്തിൽ, അപ്നാദേശ് ചീഫ് എഡിറ്റർ ഫാ. മാത്യു കുരിയത്തറ തുടങ്ങിയവർ സമീപം.*

# ലോകസമാധാനം അകലെയോ?



തോമസ് കുഴിഞ്ഞാലിൽ

2023 ഒക്ടോബർ ഏഴിലെ ഹമാസ് ആക്രമണങ്ങൾ നടന്ന് 15 മാസം തികയുമ്പോൾ ഇസ്രയേലിന്റെ സൈനികനടപടിയിൽ കൊല്ലപ്പെട്ടവരുടെ എണ്ണം അമ്പതിനായിരത്തോടടുക്കുന്നു. ഗാസയിലെ ആരോഗ്യമന്ത്രാലയത്തിന്റെ ഏകദേശക്കണക്കനുസരിച്ച്, പരിക്കേറ്റു ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 1,10,000 കവിഞ്ഞു.

2025 ജനുവരി 22-ാം തീയതി മൂന്നു വർഷം തികയുന്ന റഷ്യ-യുക്രെയ്ൻ യുദ്ധത്തിൽ ഇതുവരെയായി 12,340 പേരുടെ ജീവൻ പൊലിയുകയും 27,836 പേർക്കു ഗുരുതരമായി പരിക്കേല്ക്കുകയും ചെയ്തിട്ടുണ്ട്.

ലോകരാജ്യങ്ങളിലാകെ ഭീതി പരത്തുന്ന രണ്ടു യുദ്ധങ്ങളെയും പരാമർശിച്ച് ഇക്കഴിഞ്ഞ ക്രിസ്മസ്കാലത്ത് ഫ്രാൻസിസ് മാർപാപ്പാ, 'നഗരത്തിനും ലോകത്തിനും' നല്കിയ സന്ദേശത്തിൽ ഇപ്രകാരം ആഹ്വാനം ചെയ്തു: "യുദ്ധക്കെടുതികൾ അനുഭവിക്കുന്ന മധ്യപൂർവദേശത്തും യുക്രെയ്നിലും ശാന്തിയും സമാധാനവും പുലരട്ടേയെന്നു പ്രാർഥിക്കുന്നു. അതോടൊപ്പം തന്നെ, അസ്വസ്ഥമായിരിക്കുന്ന സൈപ്രസ്, ഹെയ്തി, വെനിസ്വേല, കൊളംബിയ, നിക്കരാഗ്വേ, സുഡാൻ, സിറിയ, ബംഗ്ലാദേശ് എന്നിവിടങ്ങളിലെ ജനങ്ങൾക്കുവേണ്ടിയും സർവശക്തനായ ദൈവത്തോടു പ്രാർഥിക്കുന്നു. വിവിധ രാജ്യങ്ങൾ തമ്മിൽ ഉടലെടുത്തിട്ടുള്ള സ്പർധയും വിദ്വേഷവും വെടിഞ്ഞ് ആയുധങ്ങൾ താഴെ വയ്ക്കാനും കൂടിയാലോചനകളിലൂടെ സമാധാനം പുലർത്താനും കഴിയട്ടെ."

കഴിഞ്ഞ വർഷത്തെ ക്രിസ്മസ്ദിനസന്ദേശത്തിലും അഭിപ്രായവ്യത്യാസങ്ങൾ മറന്ന് പരസ്പരധാരണയിലൂടെയും സഹവർത്തിത്വത്തിലൂടെയും പ്രത്യാശയുടെ തീർഥാടകരാകാൻ ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്തിരുന്നു.

സിറിയയിൽ പ്രത്യേകിച്ചും പശ്ചിമേഷ്യയിൽ പൊതുവേയും സമാധാനം സംജാതമാക്കാൻ പ്രാർഥിക്കണമെന്ന് യാക്കോബായസഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം തൃതീയൻ പാത്രിയർക്കീസ് ബാവയും ആവശ്യപ്പെട്ടു. ഇപ്പോഴത്തെ സംഘർഷാവസ്ഥ അവസാനിപ്പിച്ച് ആളുകൾ തമ്മിൽ സ്നേഹത്തിലും സൗഹാർദത്തിലും കഴിയട്ടേയെന്നും അദ്ദേഹം പ്രത്യാശിച്ചു. എന്നാൽ, ക്രിസ്മസ്പുലരിയിൽത്തന്നെ 184 മിസൈലുകളും നൂറുകണക്കിനു ഡ്രോണുകളുമയച്ച് യുക്രെയ്നിൽ ആക്രമണം നടത്തിയ റഷ്യയുടെ നടപടി ലോകസമാധാനത്തിനു വലിയ ഭീഷണിയാണുയർത്തിയിരിക്കുന്നത്.

**യുദ്ധം മുറുകുന്നു**

റഷ്യയുടെ ആണവ/രാസ/ജൈവായുധസേനാവിഭാഗം മേധാവിയായിരുന്ന ലഫ് ജനറൽ ഇഗോർ കിറിലോവ് (54) മോസ്കോയിലുണ്ടായ സ്ഫോടനത്തിൽ വധിക്കപ്പെട്ടത് റഷ്യ-യുക്രെയ്ൻ യുദ്ധം കൂടുതൽ സങ്കീർണമാക്കിയിട്ടുണ്ട്. ഓഫീസിൽനിന്നിറങ്ങി കാറിൽ കയറാനൊരുങ്ങുമ്പോൾ സമീപത്തുണ്ടായിരുന്ന ഇരുചക്രവാഹനത്തിൽ ഒളിച്ചുവച്ച ബോംബ് പൊട്ടിത്തെറിക്കുകയായിരുന്നു.

യുക്രെയ്ന്റെ ആഭ്യന്തരസുരക്ഷാവിഭാഗമാണ് കിറിലോവിന്റെ വധത്തിനു പിന്നിലെന്നാണ് വാർത്താ ഏജൻസികളുടെ ഭാഷ്യം.

അതിനിടെ, റഷ്യൻ അതിർത്തിയിൽനിന്ന് ആയിരം കിലോമീറ്റർ ഉള്ളിൽ സ്ഥിതിചെയ്യുന്ന കസാൻനഗരത്തിലെ പാർപ്പിടസമുച്ചയങ്ങളിലേക്കു ഡ്രോണുകളയച്ച് യുക്രെയ്ൻ ആക്രമണം നടത്തി. കസാനിലെയും സമീപനഗരങ്ങളായ ഇഷെവ്സ്ക്, സറട്ടോവ് എന്നിവിടങ്ങളിലെയും വിമാനത്താവളങ്ങൾ താത്കാലികമായി അടച്ചിടേണ്ടിവന്ന ആക്രമണമായിരുന്നു അത്. ഇതിനു മറുപടിയായി യുക്രെയ്നിലേക്ക് 113 ഡ്രോണുകളയച്ചായിരുന്നു റഷ്യയുടെ പ്രത്യാക്രമണം. കിഴക്കൻ യുക്രെയ്ൻ പ്രവിശ്യയായ ഡോണറ്റ്സ്കിലുള്ള കോൺസ്റ്റാന്റിനോപോൾസ്ക്, കുറാഖോവ് നഗരങ്ങൾ റഷ്യൻ സൈന്യം പിടിച്ചെടുത്തതായും വാർത്തയുണ്ട്.

യുക്രെയ്നെയും സഖ്യകക്ഷികളെയും നാറ്റോയെയും വെല്ലുവിളിച്ചുകൊണ്ട് മോസ്കോയിൽ നടത്തിയ വാർഷിക വാർത്താസമ്മേളനത്തിൽ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഇപ്രകാരം പറഞ്ഞു: "റഷ്യയിലേക്ക് ആഴത്തിൽ ആക്രമണം നടത്താൻ യുക്രെയ്നെ അനുവദിച്ച രാജ്യങ്ങളെ മിസൈലുകളയച്ച് ഞങ്ങൾ ആക്രമിക്കും. ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈലായ ഒറെഷ്നിക് സമീപഭാവിയിൽ പ്രവർത്തനസജ്ജമാകും. ലണ്ടനും പാരീസും ബർലിനും റോമും ഒറെഷ്നികിന്റെ ആക്രമണപരിധിയിലാണ്, തടയാമെങ്കിൽ തടഞ്ഞുകൊള്ളൂ". റഷ്യയുടെ 11 ടൈം സോണുകളിലുടനീളം പ്രക്ഷേപണം ചെയ്ത പത്രസമ്മേളനത്തിൽ പുടിൻ തുടർന്നു: "യുക്രെയ്ൻയുദ്ധം വൈകാതെ അവസാനിക്കും. യുക്രെയ്ൻസൈന്യത്തെ ഞങ്ങൾ തകർക്കും. സംഘർഷം സമാധാനപരമായി പരിഹരിക്കുന്നതിനുള്ള ചർച്ചകൾക്കു മോസ്കോ തയ്യാറാണ്. എന്നാൽ, ഞങ്ങളുടെ വിജയം അംഗീകരിക്കുന്ന ഒരു കരാറിലേ ഞങ്ങൾ ഏർപ്പെടുകയുള്ളൂ.'' യുക്രെയ്നിൽനിന്നു പിടിച്ചെടുത്ത മേഖലകളിൽനിന്ന് റഷ്യൻസൈന്യം പിന്മാറുകയില്ലെന്ന് പുടിന്റെ വാക്കുകളിൽ സൂചനയുണ്ട്.

പുടിന്റെ ഭീഷണിയെ യു കെ ഉൾപ്പെടെയുള്ള പാശ്ചാത്യരാജ്യങ്ങൾ തള്ളിക്കളഞ്ഞുവെന്നാണു വാർത്ത. റഷ്യയ്ക്കെതിരെയുള്ള ആക്രമണങ്ങളിൽ ദീർഘദൂരബാലിസ്റ്റിക് മിസൈലുകളുപയോഗിക്കാൻ പാശ്ചാത്യരാജ്യങ്ങൾ അനുമതി നല്കിയതാണ് പുടിനെ ചൊടിപ്പിച്ചത്.

യുദ്ധം മുറുകുന്നതിനിടെ അസർബൈജാൻ എയർവേയ്സിന്റെ ഒരു യാത്രാവിമാനം ഖസാക്കിസ്ഥാൻ അതിർത്തിയിൽ തകർന്നുവീണ് 38 പേർ മരിച്ചു. ജീവനക്കാരുൾപ്പെടെ 105 യാത്രക്കാരുണ്ടായിരുന്ന വിമാനത്തിലെ 29 പേർക്ക് സാരമായി പരിക്കേല്ക്കുകയും ചെയ്തു. അസർബൈജാൻ തലസ്ഥാനമായ ബാക്കുവിൽനിന്നു ദക്ഷിണറഷ്യൻനഗരമായ ഗ്രോസ്നിയിലേക്കു പറന്ന വിമാനത്തിനു വെടിയേല്ക്കുകയായിരുന്നു. ഗ്രോസ്നിനഗരം ആക്രമിക്കാനെത്തിയ യുക്രെയ്ൻഡ്രോണുകളെ പ്രതിരോധിച്ചുകൊണ്ടിരുന്ന റഷ്യൻയുദ്ധവിമാനങ്ങളിൽനിന്നു വെടിയേറ്റിരിക്കാമെന്നാണു നിഗമനം. പ്രധാന യുദ്ധമുഖത്തുനിന്ന് 850 കിലോമീറ്റർ ഉള്ളിലാണു സ്ഥിതിചെയ്യുന്നതെങ്കിലും ഗ്രോസ്നിയിൽ യുക്രെയ്ൻ ഡ്രോണുകളുടെ നിരന്തരമായ ആക്രമണമുണ്ടായിരുന്നു. റഷ്യൻമേഖലയിൽ നടന്ന ദാരുണമായ ഈ സംഭവത്തിന് അസർബൈജാൻ പ്രസിഡന്റ് ഇൽഹാം അലിയേവിനോടു പുടിൻ ഫോണിലൂടെ ഖേദം അറിയിക്കുകയും ചെയ്തു. റഷ്യ-യുക്രെയ്ൻ യുദ്ധം തുടങ്ങിയശേഷം മേഖലയിലുണ്ടായ ഏറ്റവും വലിയ രണ്ടാമത്തെ വിമാനദുരന്തമാണ് ഈ വർഷത്തെ ക്രിസ്മസ് ദിനത്തിലുണ്ടായത്. ഇറാനിയൻ റവലൂഷണറി ഗാർഡിന്റെ തലവനായിരുന്ന ജനറൽ ഖാസിം സുലൈമാനിയെ യുഎസ് വധിച്ചതിനു പ്രതികാരമായി 2020 ജനുവരി എട്ടാം തീയതി ഇറാൻ വെടിവച്ചിട്ട യുക്രെയ്ൻ വിമാനത്തിലുണ്ടായിരുന്ന 176 പേരുടെയും ജീവൻ പൊലിഞ്ഞിരുന്നു.



*അസർബൈജാൻ എയർവേയ്സിന്റെ യാത്രാവിമാനം ഖസാക്കിസ്ഥാൻ അതിർത്തിയിൽ തകർന്നുകിടക്കുന്നു.*

**കലിയടങ്ങാതെ...**

2023 ഒക്ടോബർ ഏഴിലെ ഹമാസ് ആക്രമണത്തിൽ ബന്ദികളാക്കപ്പെട്ട 251 പേരിൽ ഇപ്പോഴും തടവിൽ കഴിയുന്നുവെന്നു കരുതപ്പെടുന്ന 107 പേർക്കുവേണ്ടി ഇസ്രയേൽ നടത്തുന്ന നരവേട്ട അതിരു കടക്കുന്നുവോയെന്നു ലോകരാഷ്ട്രങ്ങൾക്കു തോന്നിത്തുടങ്ങിയിട്ടുണ്ട്. ഇതുവരെയുള്ള ഇസ്രയേലിന്റെ ആക്രമണങ്ങളിൽ പ്രതികരിക്കാത്ത ഇറാനൊഴിച്ചുള്ള അറബ്രാജ്യങ്ങളുടെ ഇടപെടൽ ഏതു നേരത്തും ഉണ്ടാകാമെന്ന ഭീതിയുണ്ട്. ഏറ്റവുമൊടുവിൽ ഇസ്രയേൽ നടത്തിയ വ്യോമാക്രമണത്തിൽ ഗാസനഗരത്തിലെ ഒരു വീട്ടിലുള്ള 15 പേർ ഉൾപ്പെടെ 25 പേരാണു കൊല്ലപ്പെട്ടത്. വടക്കൻഗാസയിലെ കമാൽ അദ്വാൻ ആശുപത്രിക്കുനേരേ ഇസ്രയേൽസൈന്യം നടത്തിയ വ്യോമാക്രമണത്തിൽ കുട്ടികളടക്കം 9 പേർ കൊല്ലപ്പെട്ടു. രോഗികളെയും ജീവനക്കാരെയും ഒഴിപ്പിച്ചശേഷം ആശുപത്രിക്കെട്ടിടത്തിനു തീയിട്ടതായും ആരോപണമുണ്ട്. 75 രോഗികളും 180 ജീവനക്കാരുമടക്കം 350 പേരാണ് ആശുപത്രിയിലുണ്ടായിരുന്നത്. ഹമാസ്പോരാളികൾ ആശുപത്രി താവളമാക്കിയിരുന്നതായി ഇസ്രയേൽസൈന്യം കുറ്റപ്പെടുത്തിയെങ്കിലും സംഭവത്തെ ലോകാരോഗ്യസംഘടന അപലപിച്ചു. ആശുപത്രി ഡയറക്ടർ ഡോ ഹുസൈൻ അബു സഫിയയെ ഇസ്രയേൽ സൈന്യം ബന്ദിയാക്കിയതായും വാർത്തയുണ്ട്.

ഒന്നേകാൽവർഷമായി തുടരുന്ന പോരാട്ടങ്ങളിൽ ഹമാസിന്റെയും ഹിസ്ബുല്ലയുടെയും ഇറാന്റെയും സിറിയയുടെയുമെല്ലാം ആക്രമണശേഷി തച്ചുടയ്ക്കാൻ കഴിഞ്ഞെങ്കിലും യെമനിലെ ഹൂതികളിൽനിന്നുള്ള നിരന്തര മിസൈൽ ആക്രമണങ്ങൾ ഇസ്രയേലിനെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം ഇസ്രയേൽ നടത്തിയ പ്രത്യാക്രമണത്തിൽ മൂന്നു പേർ കൊല്ലപ്പെടുകയും ഐക്യരാഷ്ട്രസംഘടനയുടെ ജീവനക്കാരനുൾപ്പെടെ 40 പേർക്കു പരിക്കേല്ക്കുകയും ചെയ്തു. ലോകാരോഗ്യസംഘടനയുടെ മേധാവി ടെഡ്രോസ് അദാനം വിമാനത്താവളത്തിൽ ഉണ്ടായിരുന്നപ്പോഴാണ് ആക്രമണം. ലോഞ്ചിന്റെ 300 മീറ്റർ അടുത്താണ് ഒരു സ്ഫോടനം നടന്നതെന്നും ഭാഗ്യംകൊണ്ടു മാത്രമാണ് താൻ രക്ഷപ്പെട്ടതെന്നും അദാനം പിന്നീടു പ്രതികരിച്ചു. യെമനിലെ സനാ അന്താരാഷ്ട്രവിമാനത്താവളത്തിൽ നൂറുകണക്കിനു യാത്രക്കാരുമായി എയർബസ് 320 വിമാനം റൺവേയിൽ ഇറങ്ങിയതിനു തൊട്ടുപിന്നാലെ നടന്ന സ്ഫോടനങ്ങളിൽ വിമാനത്താവളത്തിലെ കൺട്രോൾ ടവർ തകരുകയും ചെയ്തു. അതോടൊപ്പം, പാസഞ്ചർ ടെർമിനലും റൺവേയും തകർന്നതായും സ്ഥിരീകരണമുണ്ട്. കഴിഞ്ഞവർഷം ജൂൺമാസത്തിൽ ഹൂതിവിമതർ തടവിലാക്കിയ 50 സന്നദ്ധപ്രവർത്തകരെ മോചിപ്പിക്കുന്ന കാര്യം ചർച്ച ചെയ്യാനായിരുന്നു അദാനം സനയിലെത്തിയത്.

ബന്ദികളാക്കപ്പെട്ടവരിൽ ജീവനോടെയിരിക്കുന്നവർ എത്ര പേരുണ്ടെന്നു വെളിപ്പെടുത്താൻ ഹമാസ്നേതൃത്വത്തിനോ, അവരെ കണ്ടെത്താൻ ഇസ്രയേൽസൈന്യത്തിനോ കഴിയാത്തത് ഗുരുതരപ്രശ്നമായി തുടരുന്നു. വധിക്കപ്പെട്ടുവെന്നു കരുതപ്പെടുന്ന 73 പേരിൽ 35 പേരുടെ മൃതദേഹങ്ങൾ കൈമാറിയിരുന്നു. 2023 നവംബർ 30-ാം തീയതി 81 ഇസ്രയേലികളെയും 23 തായ്‌ലന്റുകാരെയും ഒരു ഫിലിപ്പിനോയെയും മോചിപ്പിച്ചു. കഴിഞ്ഞവർഷം ഫെബ്രുവരി 12-ാം തീയതി രണ്ട് അർജന്റീനക്കാരെയും വിട്ടയ്ക്കുകയുണ്ടായി. ഏതാനും തടവുകാർക്കായി നാലു പേരെ പിന്നീടു വിട്ടയച്ചു. 170 കുട്ടികൾ ഉൾപ്പെടെ 5,200 പലസ്തീൻകാരാണ് ഇസ്രയേലിലെ വിവിധ ജയിലുകളിൽ തടവിൽ കഴിയുന്നത്.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



നന്മയും നീതിയും അനുഷ്ഠിക്കുന്നതാണ്, കർത്താവിനു ബലിയെക്കാൾ സ്വീകാര്യം.

സുഭാഷിതങ്ങൾ 21:3

**എഡിറ്റോറിയൽ**

# പുനർവിചിന്തനങ്ങളുടെ പുതുകാലം

**പു**തുവർഷപ്പുലരിയിലിരുന്ന് ഈ പത്രാധിപക്കുറിപ്പെഴുതുമ്പോൾ സന്തോഷവും സമാധാനവും നിറഞ്ഞ ഒരു നല്ല കാലമാണ് മനസ്സിൽ നിറഞ്ഞുനിൽക്കുന്നത്. ശുഭപ്രതീക്ഷകളിലേക്കു വാതിൽ തുറക്കുമ്പോൾ, നന്മകളും ഐശ്വര്യങ്ങളുംകൊണ്ടു സമ്പന്നമായ സമാധാനദിനങ്ങൾ ആവേശപൂർവം വരവേല്ക്കാൻ എല്ലാ വായനക്കാർക്കും സാധിക്കട്ടേയെന്നാണ് ആത്മാർഥമായ പ്രാർഥനയും.

സത്യാനന്തരകാലമെന്നു വിളിക്കപ്പെടുന്ന വർത്തമാനദശയിൽ, വസ്തുതകൾക്കും യാഥാർഥ്യങ്ങൾക്കുമപ്പുറം വികാരാവേശങ്ങൾക്കും യുക്തിചിന്തകൾക്കും മേൽക്കൈ ലഭിക്കുമ്പോൾ, വിജ്ഞാനലോകം വ്യത്യസ്തമായ ഭ്രമണപഥങ്ങളിലൂടെ അലയുകയാണ്. നന്മതിന്മകളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ആപേക്ഷികതയുടെ സൈദ്ധാന്തികക്കുരുക്കിൽ വീർപ്പുമുട്ടുകയാണോ എന്നു തോന്നിപ്പോകും. ഓരോരുത്തരും സാഹചര്യങ്ങൾക്കും സമ്മർദങ്ങൾക്കുമനുസരിച്ച് ശരിയവതാരങ്ങളായി എഴുന്നള്ളുമ്പോൾ സത്യം തോല്ക്കുകയാണ്. വ്യത്യസ്തതകളെയും വിയോജിപ്പുകളെയും ഉൾക്കൊള്ളാനുള്ള സഹിഷ്ണുതയും ജനാധിപത്യമര്യാദയും എവിടെയൊക്കെയോ ലംഘിക്കപ്പെടുന്നു. ശരിതെറ്റുകളെ നിർണയിക്കാനും തീർപ്പുകല്പിക്കാനും പ്രാപ്തമായ ത്യാജ്യഗ്രാഹ്യവിവേചനാശക്തി ഈ കാലഘട്ടത്തെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്ന ധാർമിക വിജ്ഞാനമായി മാറേണ്ടതാണ്.

ജനാധിപത്യ, മതേതരമൂല്യങ്ങൾ കൂടെക്കൂടെ ധ്വംസിക്കപ്പെടുന്ന ഒരു രാജ്യത്താണ് നാം വസിക്കുന്നത്. ജാതിയുടെയും മതത്തിന്റെയും പേരിലുള്ള വെറുപ്പും വിഭാഗീയതയും അനുദിനം വർധിച്ചുവരുന്നതായി കാണുന്നു. ന്യൂനപക്ഷപീഡനങ്ങൾ ഇടതടവില്ലാതെ രാജ്യത്തെ അപമാനകലുഷിതമാക്കുന്നു. ക്രിസ്മസ്പോലെയുള്ള സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും ആഘോഷവേളകൾ പോലും വർഗീയവത്കരിക്കാനുള്ള ഛിദ്രശക്തികളുടെ വിളയാട്ടങ്ങൾ ഇത്തവണ ദൈവത്തിന്റെ സ്വന്തം നാടെന്നു നാം വാഴ്ത്തിപ്പാടുന്ന കേരളത്തിലുമുണ്ടായെന്നത് നമ്മെ ദുഃഖിപ്പിക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

യുദ്ധസമാനമായ സാഹചര്യങ്ങളും അടിമത്തവും തീവ്രവാദവും വർഗീയതയും മനുഷ്യക്കടത്തും സാമ്പത്തിക അസമത്വങ്ങളും മറ്റു രാജ്യങ്ങളിലുള്ളതുപോലെ ഇവിടെയും നടമാടുകയാണ്. സമാധാനകാംക്ഷികളായ മനുഷ്യരുടെ ഒരുമയും ഉയിർത്തെഴുന്നേല്പുമാണ് ഇവയെയൊക്കെ പ്രതിരോധിക്കാനാവശ്യമായിരിക്കുന്ന യഥാർഥ മൂലധനമെന്നത് പുതുവത്സരപ്രതിജ്ഞയായി മാറേണ്ടതുണ്ട്.

സർവയിടങ്ങളിലും മനുഷ്യൻ പടവെട്ടുന്നത് അവന്റെ സ്വാർഥതയെ പൂജിക്കാനും പൂരിപ്പിക്കാനുമാണ്. അധികാരത്തിനുവേണ്ടിയുള്ള പോർവിളികളിൽ അവമതിക്കപ്പെടുന്നത് മനുഷ്യന്റെ നിലയും വിലയുമാണ്. മനുഷ്യന്റെ മഹത്ത്വം മാനിക്കപ്പെടുന്നില്ല എന്ന ഒറ്റക്കാരണത്താൽ, എന്തു ന്യായം പറഞ്ഞാലും യുദ്ധത്തെ ആർക്കും പ്രകീർത്തിക്കാനാകില്ല എന്ന് ഫ്രാൻസിസ് പാപ്പാ പലവട്ടം പറഞ്ഞുകഴിഞ്ഞു. മനുഷ്യരാശി മുഴുവൻ സമാധാനത്തിന്റെയും അനുരഞ്ജനത്തിന്റെയും വക്താക്കളും പ്രയോക്താക്കളുമാകണമെന്നാണ് ഫ്രാൻസിസ് പാപ്പായുടെ നിരന്തരമായ ആഹ്വാനം. 'നീതിപൂർവകമായ യുദ്ധ'ത്തിന്റെ സാധ്യതകൾ യുക്തിചിന്തകളിൽ പിറവിയെടുക്കുമ്പോഴും, സമാധാനം യാഥാർഥ്യമാകണമെങ്കിൽ യുദ്ധത്തെ ന്യായീകരിക്കുന്ന എല്ലാ വാദങ്ങളിൽനിന്നും നാം പിന്നാക്കം പോയേ തീരൂ. ഭീകരവാദവും യുദ്ധവും അക്രമവും നീതിമത്കരിക്കാൻ ദൈവത്തെയും മതത്തെയും കൂട്ടുപിടിക്കുന്നുണ്ടെങ്കിൽ അത് യഥാർഥ ആത്മീയതയോ മനുഷ്യത്വമോ അല്ലെന്നു തീർത്തുപറയേണ്ടിവരുന്നു.

സമത്വവും സ്വാതന്ത്ര്യവും വെല്ലുവിളിക്കപ്പെടുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. സമ്പന്നർ അതിസമ്പന്നരാവുകയും ദരിദ്രർ അതിദരിദ്രരാവുകയും ചെയ്യുന്നതിനു നാം സാക്ഷികളാണ്. വളരെക്കുറച്ചുപേർ ഈ ഭൂമിയുടെ ഭൂരിഭാഗവും കയ്യാളുകയും ഒന്നും സ്വന്തമായിട്ടില്ലാത്തവർ അസംഖ്യമായി പെരുകുകയും ചെയ്യുന്ന അതിരൂക്ഷമായ അസമത്വത്തിന്റെ വിടവ് നമ്മെ വല്ലാതെ ഭീതിപ്പെടുത്തുന്നു. സമ്പദ്ഘടനയ്ക്കുമേൽ ഭരണകൂടനിയന്ത്രണമുണ്ടായിരുന്ന 1980 കളിൽ മേൽത്തട്ടിലെ ഒരു ശതമാനത്തിന്റെ പക്കലുണ്ടായിരുന്നത് ദേശീയവരുമാനത്തിന്റെ ആറു ശതമാനം മാത്രമായിരുന്നെങ്കിൽ, സാമ്പത്തിക ഉദാരീകരണം ശക്തിപ്പെട്ടപ്പോൾ അത് ഇരുപത്തിരണ്ടു ശതമാനമായി ഉയർന്നു. അതായത്, കോളനിവാഴ്ചയുടെ അവശിഷ്ടങ്ങൾ ഈ ജനാധിപത്യരാജ്യത്തെ ചൊല്പടിയിൽ നിറുത്തുന്നുണ്ടെന്നു സാരം. 2024 ലെ പാരീസ് സ്കൂൾ ഓഫ് ഇക്കണോമിക്സിന്റെ പഠനപ്രകാരം, ഏറ്റവും മേൽത്തട്ടിലെ ഒരു ശതമാനത്തിന്റെ പക്കൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത് ദേശീയവരുമാനത്തിന്റെ 22.6 ശതമാനമാണ്. 2000-ാമാണ്ടിൽ രാജ്യത്ത് ഒമ്പതു ശതകോടീശ്വരന്മാരാണ് ഉണ്ടായിരുന്നതെങ്കിൽ 2023 ൽ അത് 119 ആയി ഉയർന്നെന്ന് മറ്റൊരു പഠനം പറയുന്നു.

ഈ രാജ്യം സ്വാതന്ത്ര്യത്തിന്റെ അമൃതം നുകർന്നിട്ട് ഏഴരപ്പതിറ്റാണ്ടായിട്ടും അവശരും ദുർബലരുമായ ഒരടിസ്ഥാനവർഗം ആരുടെയൊക്കെയോ അടിമകളായി ജീവിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നുവെന്നത് തീർത്തും ദൗർഭാഗ്യകരമാണ്. ആദിവാസികളും ദളിതരുമടങ്ങുന്ന ഒരു വലിയ ജനസമൂഹം ഈ രാജ്യത്ത് നീതിക്കായി പടപൊരുതുമ്പോൾ പണവും അധികാരവുമുള്ളവർ സമത്വവും സ്വാതന്ത്ര്യവും അവർക്കു നിഷേധിച്ചിരിക്കുന്നുവെന്നത് ക്രൂരതയാണ്.

'എനിക്കുണ്ടൊരു ലോകം, നിനക്കുണ്ടൊരു ലോകം, നമുക്കില്ലൊരു ലോകം' എന്ന കുഞ്ഞുണ്ണിമാഷിന്റെ കവിതാശകലം ഹൃദയാർദ്രമായ തിരിച്ചറിവുകളോടെ 'നമുക്കുണ്ടൊരുലോക'മെന്ന് തിരുത്തിയെഴുതാം. എം.ടി.യുടെ അസുരവിത്ത് എന്ന നോവലിന്റെ അവസാനവാക്യമായി നാം വായിക്കുന്നുണ്ട്: "പ്രിയപ്പെട്ടവരേ, തിരിച്ചുവരാൻവേണ്ടി യാത്ര ആരംഭിക്കുകയാണ്." അതേ, പുതുവർഷത്തെ വരവേല്ക്കുമ്പോൾ നഷ്ടപ്പെട്ടവയുടെ കണക്കെടുപ്പു നടത്തി ജീവിതത്തെ പഴിക്കാനല്ല, പുത്തനാവേശത്തോടെ നഷ്ടപ്പെട്ടവയെല്ലാം തിരിച്ചുപിടിക്കാനാണ് അത്യുത്സാഹത്തോടെ നാം പരിശ്രമിക്കേണ്ടത്. ■

# പ്രത്യാശയുടെ വിശുദ്ധകവാടം തുറന്നു; മഹാജൂബിലിയാഘോഷത്തിനു തിരി തെളിഞ്ഞു

വത്തിക്കാൻ: വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ഇരുപത്തിയഞ്ചുവർഷത്തിലൊരിക്കൽമാത്രം തുറക്കപ്പെടുന്ന വിശുദ്ധ വാതിൽ, ഫ്രാൻസിസ് മാർപാപ്പാ തുറന്നതോടെ ലോകം മുഴുവനും ജൂബിലിവത്സരത്തിന്റെ ആചരണത്തിനു തിരിതെളിഞ്ഞു.

ഡിസംബർ 24 ന് ഇന്ത്യൻ സമയം രാത്രി പതിനൊന്നരയ്ക്കാണ് ലോകത്തിലെ ഏറ്റവും വലിയ കത്തോലിക്കാദൈവാലയത്തിൽ സ്ഥിതിചെയ്യുന്ന ഈ വാതിൽ തുറക്കപ്പെട്ടത്. തുടർന്നു പിറവിത്തിരുനാൾ തിരുക്കർമങ്ങൾക്കു വി. പത്രോസിന്റെ മഹാദൈവാലയം സാക്ഷ്യം വഹിച്ചു. ഇറ്റലിയിലെ ഒരു ജയിലിനുള്ളിൽക്കൂടി ഫ്രാൻസിസ് മാർപാപ്പാ വിശുദ്ധവാതിൽ പ്രഖ്യാപിക്കുകയും തുറക്കുകയും ചെയ്തത് ഇതിനോടകം വലിയ ചർച്ചയായിട്ടുണ്ട്. ഡിസംബർ 26 നാണു റോമിലെ റെബീബിയയിലുള്ള ജയിൽ മാർപാപ്പാ സന്ദർശിച്ച് അവിടെ പ്രഖ്യാപിച്ച വിശുദ്ധവാതിൽ തുറന്നത്. മാർപാപ്പായുടെ തീരുമാനം വിവാദമാക്കേണ്ടതില്ലെന്നും ലോകം മുഴുവൻ ഏറ്റവും അവഗണിക്കപ്പെടുന്നവരോടു താദാത്മ്യപ്പെടുന്ന ക്രിസ്തുവിന്റെ മുഖമാണ് ഇതിലൂടെ വെളിവാക്കുന്നതെന്നും വത്തിക്കാൻ ഔദ്യോഗികപത്രക്കുറിപ്പിലൂടെ അറിയിച്ചു.

ഫ്രാൻസിസ് മാർപാപ്പായുടെ ആഹ്വാനമനുസരിച്ച് 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന ആപ്തവാക്യമാണ് ഈ വർഷത്തെ ജൂബിലിക്കായി വത്തിക്കാൻ തിരഞ്ഞെടുത്തിരിക്കുന്നത്. 'യുദ്ധത്തിന്റെ മുറിവുകൾ രാജ്യങ്ങളെമാത്രമല്ല, കുടുംബങ്ങളെയും വ്യക്തികളെയും നിരാശയിലാക്കുന്നുണ്ടെന്നും എന്നാൽ, ക്രിസ്തുവിലുള്ള പ്രത്യാശയാണ് നമ്മെ മുമ്പോട്ടു നയിക്കേണ്ടതെന്നും' ഫ്രാൻസിസ് മാർപാപ്പാ ജൂബിലിക്കൊരുക്കമായുള്ള തന്റെ സന്ദേശത്തിൽ അറിയിച്ചു.

ഡിസംബർ 29 ന് വൈകുന്നേരം റോമാ രൂപതയുടെ കത്തീദ്രൽകൂടിയായ ജോൺ ലാറ്ററൻ ബസിലിക്കയിലും ദൈവമാതാവിന്റെ തിരുനാളായ ജനുവരി ഒന്നിന് രാവിലെ മേരി മേജർ ബസിലിക്കയിലും വിശുദ്ധകവാടങ്ങൾ തുറക്കപ്പെട്ടു. ജനുവരി അഞ്ചിനു വൈകിട്ട് സെന്റ് പോൾസ് ബസിലിക്കയിൽ വിശുദ്ധ വാതിൽ തുറക്കപ്പെടുകയാണ്. റോമിലെ പരമ്പരാഗത തീർഥാടനപ്പള്ളികളായ വിശുദ്ധ ലോറൻസിന്റെയും വിശുദ്ധ കുരിശിന്റെയും വിശുദ്ധ സെബാസ്റ്റ്യന്റെയും ദൈവാലയങ്ങളും മറ്റു പന്ത്രണ്ടു പള്ളികളും തീർഥാടനകേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതോടെ ലോകമെമ്പാടും തിരഞ്ഞെടുക്കപ്പെട്ട ദൈവാലയങ്ങളിലെ പ്രത്യേക വാതിലുകളും വിശ്വാസിസമൂഹത്തിനു തീർഥാടനത്തിനായി തുറക്കപ്പെട്ടു.

2025 ഡിസംബർ 28 വരെയാണ് ഇത്തവണ ജൂബിലിവർഷമായി ആചരിക്കപ്പെടുന്നത്. 2026 ജനുവരി ആറാം തീയതി സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ വിശുദ്ധ വാതിൽ അടയുന്നതോടെ അടുത്ത ജൂബിലിക്കായുള്ള നീണ്ട ഇരുപത്തഞ്ചു വർഷത്തെ കാത്തിരിപ്പും ആരംഭിക്കും. വിശുദ്ധവാതിൽ പ്രത്യേക താക്കോൽകൊണ്ടു പൂട്ടി വത്തിക്കാൻ ബസിലിക്കയിലെ ഭിത്തിയിലെ പ്രത്യേക അറയിൽ സൂക്ഷിക്കുകയാണു പതിവ്. അടുത്ത ജൂബിലിക്കു തൊട്ടുമുമ്പുമാത്രമേ ഈ താക്കോൽ പുറത്തെടുക്കുകയുള്ളൂ. ഈ വർഷം ഡിസംബർ രണ്ടാം തീയതി സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ ശുശ്രൂഷകരുടെ സാന്നിധ്യത്തിലാണ് വിശുദ്ധ വാതിലിന്റെ താക്കോലും ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ തിരുശ്ശേഷിപ്പുകളും ഉൾപ്പെടെ പുറത്തെടുത്തത്. സ്ഥിരം സന്ദർശകർക്കു പുറമേ, ഏകദേശം മൂന്നരക്കോടി ജൂബിലി തീർഥാടകരെയാണു വത്തിക്കാൻ ഇത്തവണ പ്രതീക്ഷിക്കുന്നത്. □

ബാലനോവൽ 10 അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

**എ**ല്ലാവരും ചേർന്ന് ദേവദത്തനെ താങ്ങിയെടുത്ത് കൊട്ടാരത്തിലെ പഞ്ചവർണക്കട്ടിലിൽ കിടത്തി. പെട്ടെന്ന് കൊട്ടാരം വൈദ്യൻ ഓടിയെത്തി കുമാരനെ പരിശോധിച്ചു.

"കുമാരൻ തിരുമനസ്സിന്റെ സംസ്കാരത്തിനു പോകേണ്ട. വല്ലാതെ മനസ്സു തളർന്നിരിക്കുന്നു. ഇത്രയും ദൂരം പർവതം കയറി സഞ്ചരിക്കാനുള്ള ശക്തിയില്ല." വൈദ്യൻ പ്രഖ്യാപിച്ചു. അവസാനം ദേവദത്തനെ കൂടാതെതന്നെ മഹാരാജാവിന്റെ ജഡവുമായി തിരുമാലി ലക്ഷ്യമാക്കി യാത്ര ആരംഭിച്ചു.

കല്ലും മുള്ളും നിറഞ്ഞ പാതയിലൂടെയുള്ള യാത്ര വളരെ മന്ദഗതിയിലാണ്. ആദിത്യപുരംരാജ്യത്തിന്റെ അതിർത്തിയിലാണ് ഡമാൻപർവതം. ചെറിയ ഒറ്റയടിപ്പാതകൾ മാത്രമാണ് സഞ്ചാരയോഗ്യമായിട്ടുള്ളത്. അധികമാരും സഞ്ചരിക്കാറില്ലാത്ത തികച്ചും വിജനമായ പാതകൾ. കുന്നിറങ്ങിയാൽപ്പിന്നെ സമനിലമാണ്. നല്ല ഫലസമൃദ്ധിയുള്ള മണ്ണ്. ആ ദേശങ്ങളെല്ലാം തിരുമാലിരാജ്യത്താണു സ്ഥിതി ചെയ്യുന്നത്.

ഒരു ചെറിയ രാജ്യമാണു തിരുമാലി. മഹേന്ദ്രരാജാവും ആദിത്യപുരത്തെ വീരസേനനെപ്പോലെ പ്രജാതത്പരനും ജനസമ്മതനുമാണ്. തന്നെയുമല്ല, ആദിത്യപുരംരാജാവിനോടു വലിയ സ്നേഹവും ബഹുമാനവും മഹേന്ദ്രനുണ്ടായിരുന്നു.



കുന്നിറങ്ങി സമതലത്തിലെത്തിയാൽപിന്നെ ക്ഷേത്രത്തിലേക്ക് അധികം ദൂരമില്ല. ക്ഷേത്രത്തിനുചുറ്റും അതിവിശാലമായ മുന്തിരിത്തോട്ടങ്ങളാണ്. സന്ദർശകർക്കു താമസിക്കാനും അന്തിയുറങ്ങാനുമുള്ള ചെറിയ ചെറിയ കുടിലുകൾ സ്ഥാപിച്ചിട്ടുണ്ട്.

കുന്നിൻമുകൾ ഏതാണ്ട് ഒരു വനത്തിന്റെ പ്രതീതിയാണു ജനിപ്പിക്കുന്നത്. ആകാശംമുട്ടെ ഉയർന്നുനിൽക്കുന്ന വൻമരങ്ങൾ. കൂറ്റൻ പാറക്കെട്ടുകളും അഗാധമായ കൊക്കകളും നിറഞ്ഞ ഭൂമി. വള്ളിപ്പടർപ്പുകളും ചെറിയ ചെറിയ വെള്ളക്കെട്ടുകൾ നിറഞ്ഞ കുഴികളുമുണ്ട്. വന്യമൃഗങ്ങൾ നിർലോപം വിഹരിക്കുന്ന വനം. കായ്കനികളും നാനാവിധത്തിലുള്ള പഴവർഗങ്ങളും ആ കാട്ടിൽ സുലഭമാണ്.

ഒരു പെട്ടിയിൽ ഭദ്രമായി അടച്ചനിലയിലായിരുന്നു വീരസേനന്റെ മൃതദേഹം. രാജഭടന്മാരായിരുന്നു വീരസേനന്റെ മൃതദേഹം ചുമന്നുകൊണ്ടു മെല്ലെ നീങ്ങിയിരുന്നത്. കാർഫിയൂസും കാര്യസ്ഥൻ മേഘനാദനും ആ അന്ത്യയാത്രയ്ക്കു മുമ്പിൽ നിലകൊണ്ടു.

വനത്തിലൂടെയുള്ള യാത്രയായിരുന്നതിനാൽ ഭടന്മാരുടെ തോളിൽ അമ്പും വില്ലും ഭാണ്ഡങ്ങളിൽ അത്യാവശ്യം വേണ്ട ഭക്ഷണസാധനങ്ങളും ഉണ്ടായിരുന്നു.

ദേവദത്തന് തന്റെ പിതാവിന്റെ അന്ത്യകർമങ്ങളിൽ പങ്കെടുക്കാൻ കഴിയാതെവന്നത് മേഘനാദനു വലിയ ദുഃഖമായി.

വിലാപയാത്ര നീങ്ങുന്നതിനിടയിൽ ഒഴുകിവന്ന കണ്ണീർ തുടച്ചുകൊണ്ടു മേഘനാദൻ പറഞ്ഞു:

"എന്നാലും ദേവദത്തന് തന്റെ പിതാവിന് ഒരു അന്ത്യചുംബനം പോലും അർപ്പിക്കാൻ കഴിഞ്ഞില്ലല്ലോ."

"എന്തു ചെയ്യാം. ആ പാവം വല്ലാതെ തളർന്നുപോയല്ലോ. അവൻ തന്റെ പിതാവിനെ എത്രമാത്രം സ്നേഹിച്ചിരുന്നു എന്നതിന്റെ തെളിവാണല്ലോ അത്." ഭടൻ പറഞ്ഞു.

ആരുമാരും ഒന്നും ശബ്ദിക്കാതെ ഏതാനും നിമിഷങ്ങൾ കടന്നുപോയി.

പെട്ടെന്ന് വനാന്തരത്തിൽനിന്നു കുറെ കാട്ടുപക്ഷികൾ ചിലയ്ക്കാൻ തുടങ്ങി. "പതിവില്ലാതെ കാട്ടിൽ അപരിചിതരായ കുറേ പേരെ കണ്ടതുകൊണ്ടായിരിക്കാം." ആ ശബ്ദം ശ്രദ്ധിച്ചുകൊണ്ട് ഒരു ഭടൻ പറഞ്ഞു.

നേരം സായാഹ്നത്തോടടുക്കുകയാണ്. വനത്തിലാകെ ഇരുൾ വ്യാപിക്കാൻ തുടങ്ങുന്നു. കുന്നിൻമുകളിലെ പാറക്കെട്ടുകളിലെ അന്തിവെയിലും മാഞ്ഞിരിക്കുന്നു.

"ഇന്നു രാത്രി നമുക്ക് ഏതെങ്കിലും ഗുഹയിൽ കഴിയാം. മധ്യാഹ്നമാകുമ്പോൾ ക്ഷേത്രമുറ്റത്തെത്താം. അവിടെ നമുക്ക് ഒരു നല്ല കല്ലറ നിർമിക്കണം. പിന്നെ തിരുമേനിക്ക് എന്നേക്കുമായുള്ള വിശ്രമം." ഭടന്റെ വാക്കുകൾ നിലച്ചു.

കാർഫിയൂസ് വല്ലാതെ തേങ്ങിക്കരഞ്ഞു. പിന്നെ പറഞ്ഞു: "അവസാനം ഒത്തിരി വേദനയെടുത്താണ് അച്ഛൻ മരിച്ചത്. ക്രൂരസർപ്പം അച്ഛനെ വല്ലാതെ കൊത്തി വേദനിപ്പിച്ചു."

കാർഫിയൂസ് സർവനിയന്ത്രണവും വിട്ടു വാവിട്ടുനിലവിളിച്ചു.

"രാജകുമാരാ, അങ്ങു കരയാതെ," ഭടൻ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു. "എങ്കിലും ഇത്ര സുരക്ഷയുള്ള ആ മുറിയിൽ എങ്ങനെയാണ് ഇത്ര വലിയൊരു സർപ്പം കയറിപ്പറ്റിയത്? അത് ആർക്കും കണ്ടുപിടിക്കാൻ കഴിയുന്നില്ല. അതൊരു പ്രഹേളികയായി സദാ അവശേഷിക്കുന്നു."

"ഭടൻ പറഞ്ഞതു ശരിയാണ്. എത്ര ചിന്തിച്ചിട്ടും എനിക്കും അതിന് ഉത്തരം കിട്ടുന്നില്ല." കാർഫിയൂസ് പറഞ്ഞു.

രാത്രി വന്നു. എല്ലാവരും ഉറങ്ങി. കാർഫിയൂസ് ഉറങ്ങാതെ കണ്ണീർവാർത്ത് അച്ഛന്റെ ശവമഞ്ചത്തിൽ കെട്ടിപ്പിടിച്ചു കിടന്നു.

പിറ്റേന്നു മധ്യാഹ്നമായപ്പോൾ അവർ ക്ഷേത്രസന്നിധിയിലെത്തി. തിരുമാലിരാജാവ് ഏതാനും പ്രതിനിധികളെ സംസ്കാരച്ചടങ്ങിന് അയച്ചിരുന്നു. എല്ലാവരുടെയും സാന്നിധ്യത്തിൽ വീരസേനന്റെ ജഡം കല്ലറയിൽ സംസ്കരിച്ചു. കാർഫിയൂസ് വീണ്ടും മോഹാലസ്യപ്പെട്ടു വീണു.

ഏഴുദിനരാത്രങ്ങൾകൂടി ആ കല്ലറയ്ക്കടുത്തു താമസിക്കാൻ അവർ തീരുമാനിച്ചു. അദ്ദേഹത്തിന്റെ ആത്മാവ് പരലോകം പ്രാപിക്കുന്നതുവരെ. ഗ്രീക്കുകാരുടെ ഒരു വിശ്വാസമാണ്.

അങ്ങനെ എട്ടാംദിനം രാവിലെ എല്ലാവരും ആദിത്യപുരത്തേക്കു യാത്രയാകാൻ ഒരുങ്ങി. കാർഫിയൂസ് അച്ഛന്റെ കല്ലറയ്ക്കുമുമ്പിൽ മുട്ടുകുത്തി നിശ്ശബ്ദമായി വിട ചോദിച്ചു.

സംഘം മെല്ലെ യാത്രയാകാൻ തുടങ്ങി. തിരുമാലിരാജാവിന്റെ കാര്യസ്ഥൻ യമദേവനോട് രാജാവു ചെയ്ത ഉപകാരങ്ങൾക്കു നന്ദി പറഞ്ഞ് കുന്നിൻചെരുവിലേക്കു നടന്നു.

പെട്ടെന്ന് കുന്നിൻമുകളിൽനിന്നും വലിയൊരു സ്വരത്തോടെ ഒരു കൂറ്റൻ പാറക്കല്ല് അവർക്കു നേരേ മരങ്ങളെപ്പോലും കടപുഴക്കി പാഞ്ഞുവന്നു.

(തുടരും)

---

കവിത ഡോ. ചെറിയാൻ കുനിയന്തോടത്ത്

## നൂറ്റാണ്ടുകൾക്കപ്പുറം

ഒരു കോടിത്താരങ്ങൾ താഴേക്കു നോക്കവേ
തിരുവവതാരത്തിൻ നവദർശനം!
കനകച്ചിറകുകൾ വീശിപ്പറന്നെത്തും
കമനീയദൂതർതൻ തിരുദർശനം!

അകലെ നിലാവിന്റെ പുഞ്ചിരിപോലവേ
അവനിയിലെങ്ങുമേ ഹിമകണങ്ങൾ
അഖിലർക്കുമാനന്ദമേകുവാനായിതാ
അഖിലേശപുത്രൻ പിറന്നു പാരിൽ!

പറവകൾക്കാകാശം, നരികൾക്കു മാളങ്ങൾ
നിറവോടേ നല്കിയ ലോകനാഥൻ
വെറുമൊരു പുല്ക്കൂട്ടിൽ വന്നുപിറന്നപ്പോൾ
കരഗതം വൈക്കോൽക്കിടക്കമാത്രം!

രജനിയിൽ ജാതനാം സകലേശപുത്രനു
വിജനമാം സദനം ലഭിച്ചതില്ല!
നിരുപമമായിരമായിരം തിരിജാലം
നരനിരയ്ക്കേകിയാ ദിവ്യപുത്രൻ

ഉലകിൽപ്പിറന്നപ്പോൾ തിരുമുഖം കാണുവാൻ
തെളിയാതിരുന്നൊരു മൺവിളക്കും
കവിളത്തു ചുംബനം നല്കുവാനായമ്മ
കവിയുന്ന മുദമോടു ചേർത്തു മാറിൽ!

അരികിലിരുന്നൊരായൗസേപ്പുതാതന്റെ
അകതാരിൽ വിസ്മയം ചേർന്നുവേഗം
അണയുകയായല്ലേ, നേരിട്ടു കാണുവാൻ
അഖിലേശസൂനുവെയാട്ടിടയൻ!

ഉയരുകയായല്ലോ വാനവകീർത്തനം
വിയദമുകിൽക്കാട്ടിൽ ഗാനലോലം
സ്തുതികളാൽ മുഖരിതമത്യുന്നതങ്ങളിൽ
കതിരിടുമാശകൾ പൂത്തുനില്ക്കേ!

അകലെനിന്നെത്തിയോരാട്ടിടയന്മാർക്കു
മുകുളിതമായ്ക്കരവല്ലരികൾ!
നിരവധി നൂറ്റാണ്ടു പിന്നിട്ട സംഭവം
നിറയട്ടെ നരകുലനിനവുതോറും.

---

ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

## പ്രാപ്തി

**ഒ**രു പദത്തിന്റെ അർഥം ഒന്നിൽനിന്നു മറ്റൊന്നിലേക്കു മാറിപ്പോകുന്ന പ്രവണതയാണ് അർഥപരിവർത്തനം. അതിനു സാമൂഹിക-സാംസ്കാരിക കാരണങ്ങൾ ഉണ്ടാകാം. അത് എപ്പോഴും മനസ്സിലായിക്കൊള്ളണമെന്നില്ല. വ്യക്തി, കാലം, ദേശം മുതലായ ഘടകങ്ങൾ അർഥപരിവർത്തനത്തെ സ്വാധീനിക്കുന്നുവെന്നു ഭാഷാശാസ്ത്രജ്ഞർ കരുതുന്നു. വാക്ക് അതിന്റെ നിരുക്ത്യർഥത്തെ ഉപേക്ഷിച്ച് പുതിയ വിവക്ഷിതത്തിലേക്കു പരിണമിച്ചുകഴിഞ്ഞാൽപ്പിന്നെ സ്വീകരിക്കുകയേ വഴിയുള്ളൂ. ഏതൊരു ജീവൽഭാഷയിലും സംഭവിക്കുന്ന/ സംഭവിച്ചുകൊണ്ടിരിക്കുന്ന സ്വാഭാവികപ്രതിഭാസമാണ് അർഥപരിണാമം.

സംസ്കൃതത്തിൽനിന്നു തത്സമമായി സ്വീകരിക്കപ്പെട്ട ഒരു വാക്കാണ് പ്രാപ്തി. പ്രാപിക്കൽ അഥവാ എത്തിച്ചേരൽ എന്നാണതിന്റെ നിരുക്തിനിഷ്ഠമായ അർഥം. പ്രാപ്തി = പ്രാപിക്കൽ; എത്തിച്ചേരൽ. "ഈ നിരുക്തിനിഷ്ഠാർഥം ഏറികൂറും മലയാളി വിസ്മരിച്ചുകഴിഞ്ഞു. വെറുതെ കഴിവ് എന്നു പറഞ്ഞാൽ പ്രാപ്തിയുടെ ഗൗരവം വരില്ല. കാര്യക്ഷമത, സാമർഥ്യം എന്നും മറ്റും മാറ്റേണ്ടിവരും."* അതായത്, പ്രാപ്തി എന്ന പദം എത്തിച്ചേരൽ എന്ന അർഥത്തിൽനിന്ന് സാമർഥ്യം എന്ന നൂതനാർഥത്തിലേക്കു പരിണമിച്ചുകഴിഞ്ഞുവെന്നു സാരം. അർഥവികാസത്തെക്കാൾ സാധാരണമായ അർഥസങ്കോചം എന്ന പ്രവണതയാണിത്. വ്യാപകമായ അർഥത്തെ കുറിക്കുന്ന പദം ഒരു പ്രത്യേക അർഥത്തിലേക്കു ചുരുങ്ങലാണ് അർഥസങ്കോചം (Restriction of meaning). 'അവൻ കാര്യപ്രാപ്തിയുള്ള ചെറുക്കനാണ്,' 'ഇവരൊക്കെ മികച്ച റിസൾട്ടു തരാൻ പ്രാപ്തിയുള്ളവരാണ്' എന്നീ വാക്യങ്ങളിലെ പ്രാപ്തിക്ക് കഴിവുള്ള അഥവാ സാമർഥ്യമുള്ള എന്ന അർഥമേ ഇന്നത്തെ മലയാളി ധരിക്കാനിടയുള്ളൂ. എന്നാൽ, ഫലപ്രാപ്തി എന്ന സംസ്കൃത സമസ്തപദത്തിന് ഫലം പ്രാപിക്കൽ (കാര്യലാഭം) എന്നുതന്നെ വിവക്ഷിതം കല്പിക്കണം. പ്രാപിക്കൽ = എത്തിച്ചേരൽ. ഇതാണ് പ്രാപ്തിയുടെ ഉറവിടം.

*പ്രബോധചന്ദ്രൻ നായർ, വി. ആർ. ഡോ., എഴുത്തുനന്നാവാൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015, പുറം – 79.

# അത്തിച്ചുവട്ടിൽ അവനുണ്ട്



ഫാ. തോമസ് പാട്ടത്തിൽചിറ CMF

**അ**ത്തിപ്പഴങ്ങൾ അവന് ഒത്തിരി ഇഷ്ടമായിരുന്നു. അതുകൊണ്ടാണ് അങ്ങനെയിരിക്കുമ്പോഴൊക്കെ അവൻ അത്തിമരച്ചോട്ടിൽ എത്തിയതും. തണൽതേടിയല്ല, കായ്കനികൾ കാംക്ഷിച്ചായിരുന്നു അവന്റെ ആഗമനം. വീടും കൂടുമെല്ലാം വിട്ട്, വചനത്തിന്റെ വിത്തു വിതയ്ക്കാനിറങ്ങിയ അവൻ വൃക്ഷത്തിൽനിന്നു ഭക്ഷിച്ചും, കുളത്തിൽനിന്നു കുടിച്ചുമൊക്കെ പൈദാഹങ്ങൾ അകറ്റാനായിരിക്കാം പലപ്പോഴും ആഗ്രഹിച്ചിരുന്നത്! അതുകൊണ്ടുതന്നെയാകാം, കുടലു കരിഞ്ഞപ്പോഴും തൊണ്ട വരണ്ടപ്പോഴും അവൻ അവിടെയൊക്കെ വന്നത്. എന്നാൽ, സുവിശേഷങ്ങളിലെ ഒരത്തിമരംപോലും അവനു വിശപ്പടക്കാൻ എന്തെങ്കിലും കൊടുക്കുന്നില്ല! ഒരു കിണറുപോലും അവന്റെ ദാഹം ശമിപ്പിക്കുന്നില്ല! ശരിയാണ്, അവന്റെ പൈദാഹങ്ങൾ കനികൾക്കും കുടിനീരിനുമൊക്കെ അതീതമായ മറ്റെന്തിനോവേണ്ടിയായിരുന്നു. എങ്കിലും, വൃക്ഷത്തിന്റെ വന്ധ്യത അവനെ വല്ലാതെ വേദനിപ്പിച്ചു. ഫലശൂന്യത നിർജീവത്വത്തിന്റെ തെളിവാണ്. അവൻ അവതരിച്ചത് ജീവൻ സമൃദ്ധമായുണ്ടാകാൻവേണ്ടിയാണ്. അപ്പോൾപ്പിന്നെ ജീവനില്ലായ്മ അവന് എങ്ങനെ സഹിക്കാനാവും? പഴങ്ങളില്ലാത്ത പച്ചമരങ്ങളും തണ്ണീരില്ലാത്ത തടങ്ങളുമൊക്കെ കർത്താവിന്റെ ചില സ്വകാര്യനൊമ്പരങ്ങളുടെ പര്യായങ്ങളാണ്!

പുതുവർഷത്തിന്റെ പുലർകാലസന്ധ്യകളിൽ വേദപുസ്തകത്തിലെ ആ കൂലിക്കാരൻ കർഷകന്റെ വാക്കുകൾക്ക് ഒരുവട്ടംകൂടി നീ കാതോർക്കുക. വളരെയേറെ കരുതലും വളവും കൊടുത്തിട്ടും കനിയൊന്നുപോലും കായ്ക്കാതെനിന്ന അത്തിമരത്തെ അറുത്തുമാറ്റാൻ ആവശ്യപ്പെട്ട യജമാനനോടുള്ള കേവലമൊരു പണിയാളന്റെ യാചന: 'ഈ വർഷംകൂടി അതു നില്ക്കട്ടെ. ഞാൻ അതിന്റെ ചുവടു കിളച്ചു വളമിടാം. മേലിൽ അതു ഫലം നല്കിയേക്കാം. ഇല്ലെങ്കിൽ നീ അതു വെട്ടിക്കളഞ്ഞുകൊള്ളുക' (ലൂക്കാ 13:8,9). അത്തിമരത്തെ ചുറ്റിപ്പറ്റിയുള്ള ഈ ഇത്തിരിച്ചിന്തകൾ, മനഃപാഠമാക്കേണ്ട നാലഞ്ചു സമവാക്യങ്ങൾ നിനക്കു സമ്മാനിക്കുന്നുണ്ട്. അവ നിന്റെ ഹൃദയഫലകത്തിൽ കുറിച്ചിട്ടാൽ വരാനുള്ള ജീവിതനാളുകൾ ഫലസമ്പന്നമായിരിക്കും.

വർഷം നിന്റെ വയസ്സാണ്, ആയുസ്സാണ് എന്നതാണ് ഒന്നാമത്തെ സമവാക്യം. ഓരോ വർഷവും ഒരു വയസ്സ് നിനക്കു കൂടുകയാണ്. അങ്ങനെ, നിന്റെ ആയുസ്സ് അല്പംകൂടി നീളുകയാണ്. 'എത്ര വയസ്സായി?' എന്നു ചോദിക്കുമ്പോൾ ജനിച്ചിട്ട് എത്ര വർഷമായി എന്നാണ് അർഥമാക്കുന്നത്. ആയുസ്സെന്നാൽ വെറും ദിവസങ്ങളുടെയോ മാസങ്ങളുടെയോ മുഴുത്തുകയല്ല; മറിച്ച്, ഫലം പുറപ്പെടുവിക്കാനായി കർത്താവ് അനുവദിച്ചുതരുന്ന അവസരങ്ങളുടെ ആകെത്തുകയാണ്. ദൈവത്തിന് ഒരു വ്യക്തിയെക്കുറിച്ചുള്ള സ്വപ്നങ്ങളുടെയും കണക്കുകൂട്ടലുകളുടെയും കാലവ്യാപ്തി. അവിടുത്തെ ഔദാര്യത്തിന്റെ ദൈർഘ്യം. അങ്ങനെവരുമ്പോൾ ആയുസ്സ് നിന്റെ അവകാശമല്ല, വെറും ഭിക്ഷയാണ്. പിച്ചപ്പാത്രത്തിൽ വീഴുന്നവയിൽ അഹങ്കരിക്കാനൊന്നുമില്ല. 'ഈ വർഷംകൂടി അതു നില്ക്കട്ടെ' എന്ന തൊഴിലാളിയുടെ അപേക്ഷയ്ക്കു മൗനസമ്മതം നല്കുന്ന മുതലാളി ആ അത്തിമരത്തിന് അതിന്റെ ആയുസ്സ് മുഴമൊന്നുകൂടി ദീർഘിപ്പിച്ചുകൊടുക്കുകയാണ്. ആയുസ്സിനെ വലിച്ചുനീട്ടുന്നതും വെട്ടിക്കുറയ്ക്കുന്നതും കർത്താവുതന്നെ. നിന്റെ ആയുസ്സിന്റെ ആസ്തിയും അസ്തിവാരവും അവിടുന്നാണ്. കേവലമൊരു കൂലിക്കാരനെപ്പോലും അനുസരിക്കുന്ന, അവന്റെ അഭിപ്രായത്തെ അംഗീകരിക്കുന്ന ആ മുതലാളിയുടെ മിഴികളിൽ നിന്റെ ദൈവത്തിനു നിന്റെ നേർക്കുള്ള ദയയുടെ ആർദ്രതയാണു നീ ദർശിക്കേണ്ടത്. നിന്നെ രക്ഷിക്കാൻ ഏതറ്റംവരെയും പോകാൻ ക്ഷമ കാണിക്കുന്ന നിന്റെ ദൈവം! പാപത്തിൽ പൂണ്ടുകിടന്ന നിന്നെ കരവല്ലികൾകൊണ്ടു കോരിയെടുക്കാൻ പരലോകത്തുനിന്നു പൂർണപരിത്യാഗിയായി പാരിടത്തിലെ ഒരു പശുക്കൂട്ടിൽ പിറന്നുവീണ നിന്റെ പരിത്രാണകന് ഒരു വർഷമല്ല, ഒരു പതിറ്റാണ്ടിലുമപ്പുറം നിനക്കുവേണ്ടി, നിന്നിലെ ഫലസമൃദ്ധിക്കുവേണ്ടി കരുണയോടെ കാത്തിരിക്കാൻ പ്രയാസമൊന്നുമില്ല.

വളം നിന്റെ ആരോഗ്യമാണ് എന്നതാണ് രണ്ടാമത്തെ സമവാക്യം. മരത്തിന്റെ ആരോഗ്യത്തിനുവേണ്ടിയല്ലേ സാധാരണ നാം അതിന്റെ ചുവടിളക്കി വളമിട്ടുകൊടുക്കുന്നത്? ബലമുള്ള വൃക്ഷക്കൊമ്പുകൾക്കേ പഴക്കുലകളെ വഹിക്കാനുള്ള ശേഷിയുണ്ടാവൂ. മൃദുവായ ചില്ലകൾ കവരത്തിൽവച്ചുതന്നെ ചീന്തിപ്പോകും. സുവിശേഷത്തിലെ സേവകൻ അത്തിച്ചുവടു കിളച്ചു വളമിട്ടുകൊടുക്കുന്നത് ആ മരത്തിന്റെ ആരോഗ്യത്തിനുവേണ്ടിയാണ്. കാലവർഷത്തിൽ അതു കടപുഴകിയാൽ, കൊടുംവേനലിൽ കരിഞ്ഞുപോയാൽ പിന്നെ അതിൽ കായ്കളുണ്ടാവില്ല. അതുകൊണ്ടുതന്നെ, അത് വരുംകാലങ്ങളിൽ തഴച്ചുവളരേണ്ടതുണ്ട്. നീയാകുന്ന അത്തിമരം ബലിഷ്ഠമായിരിക്കണം. എങ്കിൽമാത്രമേ, നിന്റെ കാതലായ ആത്മാവിനും ആരോഗ്യമുണ്ടാവൂ.



അപ്പോൾമാത്രമേ, ദൈവാത്മാവിന്റെ ഫലങ്ങൾ (ഗലാ. 5:22,23) ചൂടാൻ അതിനു സാധിക്കൂ. ആത്മാവിന്റെ ആരോഗ്യമാണ് സർവപ്രധാനം. ആത്മാവിനു പ്രതിരോധശേഷി നഷ്ടപ്പെടുമ്പോഴാണ് അതു പലവിധ വ്യാധികൾക്കടിമപ്പെടുന്നതും സാത്താന്റെ സത്രമായി മാറുന്നതും. നിന്റെ ആത്മാവിനു രോഗാണുക്കളെ ചെറുത്തുതോല്പിക്കുന്നതിനുവേണ്ടിയാണ് അമൂല്യങ്ങളായ ആത്മീയ ഔഷധക്കൂട്ടുകൾ സഭയാകുന്ന സത്രത്തിൽ നല്കപ്പെടുന്നത്. അത്തിത്തരുവിന്റെ കട കിളച്ചു വളമിട്ടുകൊടുക്കുന്ന വേലക്കാരന്റെ കടമ ഇന്നു നിനക്കുവേണ്ടി ചെയ്തുതരുന്നത് നീ അംഗമായിരിക്കുന്ന തിരുസ്സഭയാണ്. നിനക്കുവേണ്ടി ഉടയോനായ കർത്താവിനോടു മാധ്യസ്ഥ്യം യാചിക്കുന്നതും, സമയാസമയങ്ങളിൽ നിന്റെ ആത്മീയപരിപോഷണത്തിനാവശ്യമായ വളക്കൂട്ടുകൾ കരുതലോടെ നല്കുന്നതും സഭതന്നെ.

വചനം നിന്റെ വളമാണ് എന്നതാണ് മൂന്നാമത്തെ സമവാക്യം. ക്രൈസ്തവവിശ്വാസി എന്ന നിലയിൽ നിന്റെ ആധ്യാത്മികവളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ആദ്യത്തെ പോഷണം കാലത്തെ അതിജീവിക്കുന്ന കർത്താവിന്റെ വചനംതന്നെയാണെന്നതിൽ തെല്ലും സന്ദേഹം വേണ്ട. വളക്കൂറുള്ള നിലം എന്നാൽ വചനക്കൂറുള്ള നിലം എന്നുതന്നെയാണ്. വചനത്തിൽ വേരൂന്നുക എന്നതുകൊണ്ട് വചനപുഷ്ടമായ മണ്ണിൽ അടിയുറച്ചുനില്ക്കുക എന്നാണ് അർഥമാക്കുന്നത്. അതുകൊണ്ടാണ് 'എന്റെ വചനം നിങ്ങളിൽ നിലനില്ക്കുന്നെങ്കിൽ നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കും' (യോഹ. 15:7-9) എന്ന് അവൻ അരുൾ ചെയ്യുന്നതും. ജീവിക്കണമെങ്കിൽ അവന്റെ വചനം വേണം (മത്താ. 4:4). ജീവൻ ആരോഗ്യത്തിന്റെ ആധിക്യവും, മരണം ആരോഗ്യത്തിന്റെ അഭാവവുമാണ്. ആകയാൽ, വചനസേചിതമായിരിക്കട്ടെ നീ വസിക്കുന്ന ഇടം. വിശുദ്ധവചനത്തിന്റെ വളക്കൂറുള്ള മേൽമണ്ണ് നിന്റെ വീട്ടുവളപ്പിൽനിന്ന് ഒലിച്ചുപോകാതെ സൂക്ഷിക്കുക. വചനവായന അനുദിനശീലമാക്കാനുള്ള ഒരു തീരുമാനം ഈ പുതുവർഷത്തിൽ എടുത്തു മുടക്കംകൂടാതെ നടപ്പാക്കുക.

വിശുദ്ധകൂദാശകൾ നിന്റെ വളമാണ് എന്നതാണ് നാലാമത്തെ സമവാക്യം. ക്രിസ്തുവിൽ നവജീവിതം നയിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന നിന്നെ സംബന്ധിച്ചിടത്തോളം സഭയിലെ സംപൂജ്യങ്ങളായ സപ്തകൂദാശകൾ നിന്റെ ആത്മീയമായ ഫലസമൃദ്ധിക്കു സഹായിക്കുന്ന വളക്കൂട്ടാണ്. ആത്മാവിന്റെ അത്താഴമായ വിശുദ്ധ കുർബാനയും അനുരഞ്ജനത്തിന്റെ അടയാളമായ വിശുദ്ധ കുമ്പസാരവും വേണ്ടത്ര ഒരുക്കത്തോടും യോഗ്യതയോടുംകൂടെ നീ സ്വീകരിക്കുമ്പോൾ നിന്റെ ആത്മാവിന് ആയുസ്സും ആരോഗ്യവും കണിശമായും കൈവരും. അവ നിന്റെ കർത്താവിനോടു നിന്നെ കൂടുതൽ അനുരൂപപ്പെടുത്തും. കൂദാശകൾ കർത്താവിനാൽ സ്ഥാപിതങ്ങളാണ്. ആകയാൽ, അവ സ്വഭാവത്താൽത്തന്നെ പവിത്രവും പവിത്രീകരിക്കുന്നവയുമാണ്. ആരൊക്കെ അവയെ ദുരുപയോഗിക്കാൻ ശ്രമിച്ചാലും അവയുടെ സത്തയ്ക്കു മാറ്റമുണ്ടാവില്ല. ആർക്കും അവയെ തരംതാഴ്ത്താനോ തച്ചുടയ്ക്കാനോ അധികാരമില്ല. കുഴിച്ചുമൂടാൻ കുറേപ്പേർ തന്ത്രങ്ങൾ മെനഞ്ഞാലും കൂദാശകളുടെ ശക്തിയും പ്രസക്തിയും കൂടിവരുന്നതേയുള്ളൂ എന്നു കാലം തെളിയിച്ചുകൊണ്ടേയിരിക്കും.

വർഷവും വളവും നിന്നിലെ വിളവിനുവേണ്ടിയാണ് എന്നതാണ് അഞ്ചാമത്തെ സമവാക്യം. നടന്നുതളർന്നു വിശ്രമിക്കാനല്ല; മറിച്ച്, വിശപ്പടക്കാനാണ് അവൻ വൃക്ഷച്ചുവട്ടിൽ വന്നത്. അതുകൊണ്ടുതന്നെ, തഴച്ചുനിന്ന തളിരിലക്കൂട്ടങ്ങൾ അവന് അല്പംപോലും ആശ്വാസം പകർന്നില്ല. പച്ചിലകൾക്കിടയിൽ പഴങ്ങളാണ് അവന്റെ കണ്ണുകൾ തിരഞ്ഞത്. തന്റെ വിശപ്പു ശമിപ്പിക്കാൻ ഒന്നുപോലും കാണായ്കയാലാണ് ഒന്നിനെ അവൻ സമൂലം ശപിച്ചുണക്കിക്കളഞ്ഞത്! (മത്താ. 21:19). നീയാകുന്ന അത്തിമരത്തിലെ പച്ചിലജാലങ്ങളെ നിന്റെ കർത്താവിന് ആവശ്യമില്ല. ഇലകൾ എല്ലാ വൃക്ഷലതാദികൾക്കും ഉള്ളതല്ലേ? പ്രകൃതിയിൽത്തന്നെ ഇലകളല്ലേ കായ്കളെക്കാൾ എണ്ണത്തിൽ കൂടുതൽ? എന്നാൽ, ഭക്ഷ്യയോഗ്യമായ കനികൾ എല്ലാറ്റിനുമില്ല. അവനു വേണ്ടത് നിന്നിലെ ഫലങ്ങളാണ്; കടിച്ചുകഴിക്കാൻ പറ്റുന്ന സ്വാദുള്ള പഴങ്ങൾ! നിന്റെ ജീവിതത്തിലേക്ക് അവൻ കൈനീട്ടുമ്പോൾ കൊടുക്കാൻ കാര്യമായി എന്തെങ്കിലും നിന്റെ പക്കലുണ്ടോ? ഇല്ലെങ്കിൽ പേടിക്കണം. കരിഞ്ഞുണങ്ങലിന്റെ ചില അനുഭവങ്ങൾ നിനക്കുമുണ്ടാകും. ഉടയോനുവേണ്ടിയല്ലെങ്കിൽ പിന്നെ ആർക്കുവേണ്ടിയാണ് നീ കായ്ച്ചുനില്ക്കേണ്ടത്?

വേദഗ്രന്ഥത്തിലെ അത്തിവൃക്ഷത്തിൽനിന്നു പഠിക്കുക (മർക്കോ. 13:28). ഫലനിബിഡമായ അത്തിമരം ദൈവരാജ്യത്തിന്റെ അടയാളമാകുന്നതുപോലെ ആത്മാവിന്റെ ഫലങ്ങൾ നിറഞ്ഞ നിന്റെ ജീവിതം ഭൂമിയിലെ ദൈവികസാന്നിധ്യത്തിന്റെ പ്രതീകമാണ്. വേരോടെ വീണു നശിച്ചുപോകാതെ നീയാകുന്ന അത്തിവൃക്ഷം ഇന്നും അതിജീവിക്കുന്നത് നിന്റെ ദൈവത്തിനു നിന്നെക്കുറിച്ചുള്ള ആശകൾ ഒലിച്ചുപോകാതെ എവിടെയൊക്കെയോ ഇനിയും അവശേഷിക്കുന്നതുകൊണ്ടാണ്. ഈ പുതുവത്സരത്തിലുടനീളം ദൈവം നിന്റെ ജീവിതവൃക്ഷത്തിന് ആയുരാരോഗ്യങ്ങൾ അനുഗ്രഹിച്ചരുളട്ടെ. കനികളുണ്ടെങ്കിലേ കർത്താവിന്റെ കണ്ണിലുണ്ണിയാകാൻ കഴിയൂ. മുമ്പെന്നതിനെക്കാൾ മനുഷ്യായുസ്സിന്റെ അനിശ്ചിതത്വം കൂടുകയും അനുദിനമുള്ള അകാലമരണങ്ങളുടെ സംഖ്യ അമ്പരപ്പിക്കുകയും കൊഴിഞ്ഞുവീഴുന്നവയെക്കാൾ കുഴഞ്ഞുവീഴുന്നവർ കൂടിവരികയും ചെയ്യുന്ന ആധുനികകാലത്ത് ആവുന്നത്ര വിശുദ്ധിയോടെ അനുനിമിഷം ജീവിക്കാൻ ശ്രദ്ധിക്കുക. ആയുസ്സിലെ ഓരോ ഇരവും പകലും അവസാനിക്കുമ്പോൾ ഓർക്കുക: നീയാകുന്ന അത്തിച്ചുവട്ടിൽ അവനുണ്ട്, വിശക്കുന്ന വയറുമായി നിന്റെ ഉടയവൻ!

□

# മലയാളസാഹിത്യനഭസ്സിലെ നിത്യതാരകം



ഡോ. ജോർജ് ഓണക്കൂർ

എം.ടി. വാസുദേവൻനായർ എന്ന എഴുത്തുകാരനെക്കുറിച്ച്, മലയാളസാഹിത്യത്തിന് ആ പ്രതിഭാശാലി എന്തായിരുന്നു എന്നതിനെക്കുറിച്ച്, അദ്ദേഹത്തിനു ലഭിച്ച പുരസ്കാരങ്ങളുടെ നിർവൃതിയിൽ നിന്നുകൊണ്ടോ, വഹിച്ച സ്ഥാനമാനങ്ങളുടെ പ്രശസ്തിയിൽ നിന്നുകൊണ്ടോ ഒന്നും പറയേണ്ട ആവശ്യമില്ല. നാലുകെട്ടുമുതൽ വാരാണസി വരെയുള്ള കൃതികളുടെ മനോഹാരിതയിലും മഹത്ത്വത്തിലും നിന്നുകൊണ്ട് നമുക്കു സംസാരിക്കാൻ സാധിക്കും. മലയാളഗദ്യത്തിന് പുതിയൊരു ഭാവുകത്വം നല്കിയ എഴുത്തുകാരനാണ് എം.ടി. അതുവരെയുള്ള മലയാളഭാഷയിലെ ഗദ്യശൈലി അദ്ദേഹം കാവ്യാത്മകമാക്കി അഥവാ ഹൃദയംഗമമാക്കി. കഥാപാത്രസങ്കല്പനത്തിലും ജീവിതാഖ്യാനത്തിലുമൊക്കെ ഒരു കാവ്യശോഭ അടയാളപ്പെടുത്തി.

എം.ടി.ക്ക് ജ്ഞാനപീഠപുരസ്കാരം ലഭ്യമാക്കിയത് രണ്ടാമൂഴം എന്ന കൃതിയാണ്. അതിന്റെയൊരു പ്രാഥമികകമ്മിറ്റിയിൽ അംഗമായിരിക്കാനുള്ള സൗഭാഗ്യം എനിക്കുണ്ടായി എന്നുള്ളത് അഭിമാനത്തോടെ ഓർക്കുന്നു. മഹാഭാരതം നമ്മുടെ ഇതിഹാസങ്ങളുടെ ഇതിഹാസമാണ്. നമ്മുടെ ജീവിതത്തിന്റെ പൂർണമായ ചിത്രം അടയാളപ്പെടുത്തുന്ന, ഭാരതീയസംസ്കൃതിയുടെ മനോഹാരിത മുഴുവൻ നിറഞ്ഞ മഹത്തായ കൃതി. ആ ഗ്രന്ഥത്തെ അധികരിച്ചാണ് രണ്ടാമൂഴം എന്ന നോവൽ എം.ടി. രചിച്ചിരിക്കുന്നത്.

മലയാളത്തിന് രണ്ടാമൂഴം എന്ന കൃതി നല്കിയത് എന്താണ്? ഇത് സ്ത്രീപക്ഷത്തുനിന്ന് എഴുതപ്പെട്ട ഒരു നോവലാണ്. എന്നു മാത്രമല്ല, അധർമത്തിനെതിരായി എഴുതപ്പെട്ടതുകൂടിയാണ്.

അതിശ്രേഷ്ഠമായ ഭാരതീയ സംസ്കൃതിയുടെ ചലനങ്ങളും ചൈതന്യവും മുഴുവൻ ഉൾക്കൊള്ളുന്ന അതിമഹത്തായ ഒരു കൃതിയാണ് രണ്ടാമൂഴം. മലയാളത്തിന്റെ മഹത്ത്വം ആകാശത്തോളം ഉയർത്തി മഹാമേരുവിന് അപ്പുറത്തേക്ക് നമ്മുടെ ചൈതന്യത്തെ വളർത്തിയെടുത്ത കൃതി.

അസുരവിത്ത് എന്നൊരു നോവൽ എം.ടി. എഴുതിയിട്ടുണ്ട്. ഗോവിന്ദൻകുട്ടിയുടെ കഥ. വർത്തമാനകാലത്തെ പല സംഭവങ്ങളും എടുത്തുനോക്കുമ്പോഴും അത് ഇന്നും പ്രസക്തമാണ്. ജീവിതത്തിന്റെ അതിസാന്ദ്രമായ അനുഭവതലങ്ങളിലൂടെ സഞ്ചരിക്കുന്ന ഏകാകിയുടെ സ്വരം ആ കൃതിയിൽ ഉച്ചത്തിൽ മുഴങ്ങുന്നു. അങ്ങനെയൊരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു എം.ടി. വാസുദേവൻനായർ. അദ്ദേഹം നമുക്ക് നല്ല സിനിമകൾ തന്നു. നല്ല ജീവിതാനുഭവങ്ങൾ തന്നു. മലയാളഭാഷയ്ക്കും അതിന്റെ മാനവികതയ്ക്കും ഉയർച്ച ഉണ്ടാക്കിത്തന്ന പ്രതിഭാശാലിയാണ് എം.ടി. വ്യക്തിപരമായി നല്ല ബന്ധങ്ങൾ സൂക്ഷിച്ചിരുന്ന ആൾ. ഇന്നലെവരെ രാവിൽ വെളിച്ചം പകർന്ന നക്ഷത്രം പെട്ടെന്ന് അസ്തമിച്ചതുപോലുള്ള ഒരു അനുഭവമാണ് അദ്ദേഹത്തിന്റെ വേർപാട് എന്നിൽ സൃഷ്ടിച്ചത്.

മലയാളസാഹിത്യത്തിൽ ആ മഹാകഥാകാരനെ അടയാളപ്പെടുത്താൻ രണ്ട് അക്ഷരം മതിയായിരുന്നു. എന്നാൽ, എന്നെ സംബന്ധിച്ചിടത്തോളം അത് മൂന്ന് അക്ഷരങ്ങളായിരുന്നു. 'ഗുരുത്വം' എന്ന മൂന്നക്ഷരങ്ങൾ. അദ്ദേഹം എന്നെ ക്ലാസ്മുറിയിലിരുത്തി പഠിപ്പിച്ചിട്ടില്ല. പക്ഷേ, എത്രയോ വലിയ ജീവിതപാഠങ്ങൾ അദ്ദേഹത്തിന്റെ രചനകളിൽനിന്ന് ഉൾക്കൊള്ളാൻ കഴിഞ്ഞു.

വായനയുടെ ലോകത്ത് പിച്ചവച്ചു നടക്കാൻ ആരംഭിച്ച കാലം മുതൽ എനിക്കു പരിചിതമായതാണ് എം.ടി. വാസുദേവൻ നായർ എന്ന നാമധേയം. അദ്ദേഹത്തിന്റെ കഥകൾ സ്കൂൾവിദ്യാഭ്യാസകാലത്തുതന്നെ ഞാൻ വായിച്ചിട്ടുണ്ട്. നോവലിലേക്കുള്ള പ്രവേശനകവാടവും അക്കാലത്തുതന്നെ തുറന്നുകിട്ടി. പാതിരാവും പകൽവെളിച്ചവും വായിച്ചു. അതുപോലെതന്നെ, വളരെ പ്രസിദ്ധമായ നാലുകെട്ട് എന്ന നോവൽ അക്കാലത്തു വായിച്ചു. അവിടെ വിറച്ചുനിൽക്കുന്ന നായകന്റെ മനസ്സ് എനിക്കു കാണാൻ കഴിഞ്ഞു. പുതിയ കാലത്തിന്റെ കാഹളം വിളിയുമായി എത്തുന്ന ആ മനോഹരമായ നോവൽ പുതിയ അവബോധത്തിലേക്കും പുതിയ ഭാവുകത്വത്തിലേക്കും മലയാളസാഹിത്യത്തെ നയിച്ചു.



*ശേഷം 12-ാം പേജിൽ*

# കാലാതീതൻ



ജിൻസ് കാവാലി

"ഉറങ്ങ്, സുഖമായി ഉറങ്ങ്', നെഞ്ചിൽ തടവി ആശ്വസിപ്പിക്കുകയാണ് ഷെർലക്ക്. പരമരഹസ്യംപോലെ ചെവിയിൽ പിറുപിറുക്കുന്നു. 'ഞാൻ ഇവിടെയുണ്ട്, പേടിക്കാതെ ഉറങ്ങ്.' അപ്പോൾ അയാൾക്ക് ഉറക്കെക്കരയണമെന്നു തോന്നി. അതിനു കഴിയാതെ വന്നപ്പോൾ വിതുമ്പിക്കൊണ്ട് കണ്ണടച്ചു..."

*-എം.ടി. എഴുതിയ ഷെർലക്ക് എന്ന കഥയിൽനിന്ന്.*

ഹോസ്റ്റൽമുറിയിലെ എഴുത്തുമേശയ്ക്കു മുന്നിലുള്ള ചുവരിൽ ശിരസ്സുയർത്തിയാൽ മാത്രം കാണാവുന്ന ഉയരത്തിൽ ഒരു എഴുത്തുകാരന്റെ ചിത്രം പതിച്ചുവച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ഡിസംബർ 25-ാം തീയതി രാത്രി 10 മണിയോടെ അയാൾ ഈ ലോകത്തിന്റെ പടിയിറങ്ങിപ്പോയി. 91 വയസ്സു കഴിഞ്ഞ ഒരാളുടെ വിടവാങ്ങലിനെ അകാലമരണം എന്നോ അപ്രതീക്ഷിതവിയോഗം എന്നോ പറയുക പതിവില്ല. എം ടിയുടെ കാര്യത്തിൽ പക്ഷേ, പതിവുകൾ തെറ്റുന്നു. ഒരു ഭാഷതന്നെ അനാഥമായതുപോലെ, വല്ലാത്തൊരു അരക്ഷിതത്വം ഉള്ളിൽ നിറയുന്നു.

നമുക്കറിയാവുന്ന വാക്കുകൾതന്നെയായിരുന്നു എം.ടി. വാസുദേവൻ നായരും എഴുതിയത്. എന്നാൽ, ആ തൂലികയിലൂടെ ജന്മമെടുത്തപ്പോൾ വാക്കുകൾ വിസ്മയങ്ങളായി. അക്ഷരങ്ങൾക്ക് ഇത്രയും പ്രകാശമോ എന്ന് മലയാളി അദ്ഭുതംകൂറി. അത്യാദരവോടെ, അതിലേറെ സ്നേഹത്തോടെ ആ മനുഷ്യന്റെ ഓരോ വാക്കിനും കേരളം കാത്തുനിന്നു. വായനക്കാരിൽ ഇത്രയേറെ വൈകാരികമായി ആവേശിച്ച മറ്റൊരു മലയാളിഎഴുത്തുകാരനില്ല.

സേതുവിലും സുമിത്രയിലും വിമലയിലും അപ്പുണ്ണിയിലുമെല്ലാം മലയാളി തന്റെതന്നെ ആത്മാംശത്തെ കണ്ടു. കൂടല്ലൂരിന്റെ ഗ്രാമവീഥിയിൽനിന്ന് അയാൾ നടന്നുകയറിയത് അനേകായിരങ്ങളുടെ ഹൃദയഭൂമിയിലേക്കായിരുന്നു.

എന്തിനെഴുതുന്നു? എന്ന ചോദ്യത്തിന് ഉത്തരമായി എം.ടി. ഇങ്ങനെ എഴുതി:

"അസംതൃപ്തമായ ആത്മാവിന് വല്ലപ്പോഴും വീണുകിട്ടുന്ന അത്യാഹ്ലാദത്തിന്റെ അസുലഭനിമിഷങ്ങൾക്കുവേണ്ടി, സ്വാതന്ത്ര്യത്തിനുവേണ്ടി ഞാൻ എഴുതുന്നു. ആ സ്വാതന്ത്ര്യമാണ് എന്റെ അസ്തിത്വം. അതില്ലെങ്കിൽ ഞാൻ കാനേഷുമാരിക്കണക്കിലെ ഒരക്കംമാത്രമാണ്'' (കാഥികന്റെ പണിപ്പുര).

ആ കൃതികൾ ഏറ്റുവാങ്ങിയ വായനക്കാർക്കും അത് അത്യാഹ്ലാദത്തിന്റെ അസുലഭനിമിഷങ്ങൾതന്നെയായി.

എം.ടി.യിൽ ആർക്കും കതിരും പതിരും തിരയേണ്ടിവന്നില്ല. കാരണം, കതിരേ അദ്ദേഹം നമുക്കു നല്കിയുള്ളൂ.

എം.ടി. എന്തെഴുതി നല്കിയാലും, അതെത്രമേൽ ഉപരിപ്ലവമായിരുന്നാലും ഇന്ന് മലയാളത്തിലുള്ള ഏതൊരു വാരികയോ പ്രസാധകരോ അത് അതീവപ്രാധാന്യത്തോടെതന്നെ പ്രസിദ്ധീകരിക്കുമായിരുന്നു എന്നതിൽ സംശയമില്ല. എന്നാൽ, അങ്ങനെയൊന്ന് ഒരിക്കലും എഴുതാൻ തുനിഞ്ഞില്ല എന്നതുകൂടിയാണ് അദ്ദേഹത്തിന്റെ മഹത്ത്വം. ആ എഴുത്തിന്റെ ഗ്രാഫ് ഉയർന്നതല്ലാതെ ഒരിക്കലും താഴ്ന്നില്ല. വിപണിയുടെ തന്ത്രങ്ങളിലോ അതു നല്കിയേക്കാവുന്ന താത്കാലിക ജനപ്രിയതയിലോ ആ മഹാനായ എഴുത്തുകാരൻ ഒരിക്കലും കുടുങ്ങിയില്ല.

മഹാനായ എഴുത്തുകാരൻ എന്നതുപോലെ തന്നെ മഹാനായ വായനക്കാരനുമായിരുന്നു എം.ടി. വായനക്കാരൻ എന്ന പദവി ചെറിയ ഒന്നല്ല എന്ന് അദ്ദേഹം മനസ്സിലാക്കി. ഹെൻറി ജെയിംസും ചെക്കോവും മോപ്പസാങ്ങുംമുതൽ ബഷീറും തകഴിയും പൊറ്റക്കാടുംവരെയുള്ളവരുടെ സർഗലോകത്തെ ആഴത്തിൽ അനുഭവിച്ചറിഞ്ഞു.

തന്റെ സാഹിത്യജീവിതത്തെ മുൻനിർത്തിയുള്ള ഒരു അഭിമുഖത്തിൽ എം. ടി. ഇങ്ങനെ പറയുന്നുണ്ട്: "വലിയ പുസ്തകങ്ങൾ ഹൃദയത്തിലേക്കു കടന്നപ്പോൾ എന്റെ അല്പത്തം എനിക്കു മനസ്സിലായി. എനിക്ക് എന്നെ അളക്കാൻ പുതിയ ഒരു സ്റ്റാൻഡേർഡ് ഉണ്ടായി. ആത്മനിന്ദ കൂടാതെ എനിക്കെന്നോടു നീതി പുലർത്തണമെങ്കിൽ ഞാൻ ആ മുഴക്കോലിന്റെ അടുത്തെങ്കിലും എത്തണം. അതിനുള്ള ശ്രമമാണ് എനിക്കു സാഹിത്യപ്രവർത്തനം".

അയാൾ പുരസ്കാരങ്ങൾക്കു പിറകേ പോയില്ല, പുരസ്കാരങ്ങൾ അയാളെ തേടിവന്നു. പ്രശസ്തിയോ മറ്റംഗീകാരങ്ങളോ മോഹിച്ചില്ല, അവയൊക്കെയും ആ പേനയ്ക്കു മുന്നിലെത്തി ശിരസ്സു നമിച്ചുനിന്നു.

ഭാഷയിൽ എഴുത്തിന്റെ ഗിരിശൃംഗങ്ങൾ ഒന്നൊന്നായി കീഴടക്കുമ്പോഴും കടന്നുവന്ന പാത എം.ടി. മറന്നില്ല. 'പോയ തലമുറകളുടെ സാന്നിധ്യവും പ്രേരണയും വർത്തമാനകാലത്തെ കലകളിൽ, സാഹിത്യത്തിൽ സജീവമായി നിലനിൽക്കുന്നു. അതൊരു ഭാരമോ ശാപമോ അല്ല, വേരുറപ്പും ശക്തിബോധവുമാണ്' (രമണീയം ഒരു കാലം) എന്നോർമിച്ചു.

കോഴിക്കോട്ടെ സിതാര എന്നു പേരുള്ള എം.ടിയുടെ ഭവനത്തിൽ ഒരിക്കലെങ്കിലും പോകണമെന്നും, ആ പാദങ്ങൾ തൊട്ടൊന്നു നമസ്കരിക്കണമെന്നും അതിയായി ആഗ്രഹിച്ചിരുന്നു, കഴിഞ്ഞില്ല. എങ്കിലും, നിരാശ തോന്നുന്നില്ല. മേശമേലിരിക്കുന്ന കാലവും നാലുകെട്ടും രണ്ടാമൂഴവും കാഥികന്റെ പണിപ്പുരയും ഒക്കെക്കൊണ്ട് അങ്ങെന്റെ ആത്മാവിനെ അനേകതവണ തൊട്ടുകഴിഞ്ഞല്ലോ. നന്ദി, ഈ കാലത്തു ജനിച്ചതിനും ജീവിച്ചതിനും...

നോവൽ 27

ഇഗ്നേഷ്യസ് കലയന്താനി



# കിഴക്കൻകാറ്റ്

പുതുതായി എത്തിച്ചേർന്ന മരുന്നകളുടെ പേരുകളും വിലവിവരവും കമ്പ്യൂട്ടറിൽ ഫീഡു ചെയ്തുകൊണ്ടിരിക്കുകയായിരുന്നു എൽസ. ആ സമയത്താണ് ജയേഷും വർഷയും മുറിയിലേക്കു കയറിവന്നത്. അവരെ കണ്ടതും എൽസയുടെ കണ്ണുകൾ വിടർന്നു. ഇങ്ങനെയൊരു വരവ് പ്രതീക്ഷിച്ചതേയില്ല. ജയേഷ് ചിരിച്ചപ്പോൾ എൽസയും മുഖത്തു ചിരിവരുത്തി.

"ഇവിടെ?"

എന്തിനു വന്നു എന്ന ഭാവത്തിലായിരുന്നു എൽസയുടെ ചോദ്യം.

"എൽസയെ കാണാൻ വന്നതാ. ഞാൻ പലതവണ വിളിച്ചിട്ടും ഫോൺ എടുത്തില്ല."

"ഞാനിത്തിരി തിരക്കിലാ. ഒരു മണിക്കൂർ വെയ്റ്റ് ചെയ്യ്. ഉച്ചയ്ക്ക് ഇന്റർവെൽ സമയത്തു സംസാരിക്കാം."

"ആയിക്കോട്ടെ..."

ജയേഷും വർഷയും പുറത്തേക്കിറങ്ങി വിസിറ്റേഴ്സ് ലോഞ്ചിലെ കസേരകളിൽ ഇരുന്നു. വാട്സാപ്പിലും ഇൻസ്റ്റയിലും നോക്കി അവർ സമയം ചെലവഴിച്ചു.

ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ എൽസ ഇറങ്ങിവന്നു. അവൾക്കു മുടന്ത് ഉണ്ടായിരുന്നില്ല എന്നു കണ്ടതും ജയേഷും വർഷയും പരസ്പരം നോക്കി.

"നമുക്കു കാന്റീനിൽ പോയിരുന്നു സംസാരിക്കാം."

എൽസ അവരെ കൂട്ടിക്കൊണ്ടു കാന്റീനിലേക്കു നടന്നു. കാന്റീനിലെ ആളൊഴിഞ്ഞ കോണിൽ മേശയ്ക്ക് അഭിമുഖമായി അവർ ഇരുന്നു.

"എന്തേ ഇപ്പം കാണാൻ വന്നത്?"

നിർവികാരതയോടെയായിരുന്നു എൽസയുടെ ചോദ്യം. വർഷയുടെ മുഖത്തേക്ക് അവൾ നോക്കാനേ പോയില്ല.

"പല പ്രാവശ്യം വിളിച്ചിരുന്നു. ഫോൺ അറ്റൻഡു ചെയ്തില്ല."

"അറ്റൻഡ് ചെയ്യണമെന്നു തോന്നിയില്ല. അതിനു തക്ക ഒരു ബന്ധം നമ്മൾതമ്മിലില്ലല്ലോ."

ജയേഷിന്റെ മുഖത്തുനിന്ന് അവൾ മിഴികൾ പിൻവലിച്ചു.

"എന്നോടു ദേഷ്യാണോ?"

"വന്നതെന്തിനാന്നു പറയൂ."

"അന്ന് അങ്ങനൊക്കെ പറഞ്ഞുപോയതിൽ എനിക്ക് ഒരുപാട് കുറ്റബോധമുണ്ട്. ക്ഷമ ചോദിക്കാൻ വന്നതാ."

വർഷയാണ് മറുപടി പറഞ്ഞത്.

"ഇപ്പം എന്തേ കുറ്റബോധം തോന്നാൻ?"

എൽസ വർഷയുടെ കണ്ണുകളിലേക്കു തുറിച്ചുനോക്കി. ആ നോട്ടത്തിൽ താൻ ഉരുകിപ്പോകുന്നതുപോലെ വർഷയ്ക്കു തോന്നി.

"എന്റെ മനസ്സാക്ഷി എന്നോടു പറഞ്ഞു, ചെയ്തതു തെറ്റായിപ്പോയി; ചെന്നു ക്ഷമ ചോദിക്കാൻ."

"അതാ ഞാൻ ചോദിച്ചത്. ഇപ്പം മനസ്സാക്ഷിക്ക് അങ്ങനെ തോന്നാൻ എന്താ കാരണമെന്ന്."

"രണ്ടുമൂന്നാഴ്ചമുമ്പ് എനിക്കൊരു വണ്ടിയാക്സിഡന്റ് ഉണ്ടായി. ദൈവാനുഗ്രഹംകൊണ്ട് വലിയ പരിക്കൊന്നുമുണ്ടായില്ല. അതു കഴിഞ്ഞപ്പഴാ മുമ്പു ചെയ്ത തെറ്റുകളേപ്പറ്റി ഓർത്ത് പശ്ചാത്താപം തോന്നിയത്."

"ഇരന്നുതിന്നു ജീവിക്കാതെ പണിയെടുത്തു ജീവിക്ക് എന്നു വർഷ പറഞ്ഞപ്പോൾ എന്റെ മനസ്സിലുണ്ടായ മുറിവ് എത്ര വലുതായിരുന്നെന്നറിയോ? ആ രാത്രി ഞാനുറങ്ങിയതേയില്ല."

"അതിനെല്ലാം ക്ഷമ ചോദിക്കാനാണ് ഞാനിപ്പം വന്നത്."

"പശ്ചാത്താപം തോന്നിയതിൽ സന്തോഷം. ഞാൻ എന്താ ഇനി ചെയ്യേണ്ടത്?"

"ഒന്നും ചെയ്യണ്ട. പഴയ ആ സ്നേഹബന്ധം തുടരണം. ഇടയ്ക്കു വിളിക്കണം. നല്ല സുഹൃത്തുക്കളായി നമുക്കു മുമ്പോട്ടുപോകണം."

നേരിട്ടു വന്നു ക്ഷമ ചോദിക്കാൻ തോന്നിയല്ലോ! സന്തോഷമായി. എന്റെ മനസ്സിൽ ഇപ്പം നിങ്ങളോട് ദേഷ്യമൊന്നുമില്ല."

"കാലിന്റെ സർജറി നടന്നു അല്ലേ?"

ജയേഷ് ചോദിച്ചു.

"ഒരു വാതിൽ അടയുമ്പോൾ മറ്റൊരു വാതിൽ തുറക്കുമെന്നു കേട്ടിട്ടില്ലേ? ഒരു നല്ല മനുഷ്യനെ ദൈവം എന്റെ പക്കലേക്ക് പറഞ്ഞയച്ചു. അദ്ദേഹം തന്ന കാശുകൊണ്ട് സർജറി നടത്തി."

"സിസിലിയാന്റി മരിച്ചപ്പോൾ



എനിക്കു വരാൻ പറ്റിയില്ല. അപ്പഴത്തെ എന്റെ മാനസികാവസ്ഥയിൽ വന്നു കാണണമെന്നു തോന്നിയില്ല."

"അതിലൊന്നും എനിക്കു വിഷമമില്ല. വരണമെന്ന് ഞാൻ ആഗ്രഹിച്ചെങ്കിലല്ലേ വിഷമമുണ്ടാകൂ. അതിനു തക്ക ഒരു ബന്ധം നമ്മൾതമ്മിലില്ലല്ലോ."

"നമുക്കിനി നല്ല സുഹൃത്തുക്കളായി മുന്നോട്ടു പോകണം."

"തീർച്ചയായും. ഇപ്പം വന്നു ക്ഷമ ചോദിച്ചപ്പം എന്റെ മനസിലെ വിഷമമെല്ലാം മാറി. ങ്ഹ... ഊണു കഴിച്ചില്ലല്ലോ. നമുക്ക് ഊണുകഴിക്കാം."

എൽസ സപ്ലയറെ വിളിച്ചു.

"അയ്യോ വേണ്ട, ഞങ്ങളു പുറത്തുനിന്നു കഴിച്ചോളാം." വർഷ പറഞ്ഞു.

"എന്റെ സന്തോഷത്തിനല്ലേ ഞാൻ ഊണു വാങ്ങിത്തരുന്നത്? അപ്പം അതു വേണ്ടെന്നുപറയുന്നതു ശരിയാണോ? ഇന്നു നിങ്ങൾ എന്റെ ഗസ്റ്റാ! നമുക്കൊരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചു സന്തോഷമായിട്ടു പിരിയാം."

'ആയിക്കോട്ടെ." ജയേഷ് പറഞ്ഞു.

മൂന്നുമീൽസിന് എൽസ ഓർഡർ കൊടുത്തു. സ്പെഷ്യലായി മീൻ വറുത്തതും.

"സിസിലിയാന്റി എങ്ങനാ മരിച്ചേ?"

ജയേഷ് ചോദിച്ചു.

എൽസ ആ സംഭവം വിശദമായി പറഞ്ഞു. ഒടുവിൽ ഇങ്ങനെ കൂട്ടിച്ചേർത്തു:

"ഒരു സന്തോഷവാർത്തകൂടി പറയാനുണ്ട്. എന്റെ കല്യാണം നിശ്ചയിച്ചു."

"ഉവ്വോ! എവിടുത്തുകാരനാ ആള്?"

"ഈ ആശുപത്രിയിലെ ഒരു ഡോക്ടറാ. ഡോക്ടർ മനു തോമസ്. എന്റെ കാലിന്റെ സർജറി നടത്തിയ ഡോക്ടർ."

"വെരിഗുഡ്. എന്നാ കല്യാണം?"

"അടുത്തമാസം ഇരുപത്തിനാലാം തീയതി."

"ഞങ്ങളെ ക്ഷണിക്കില്ലേ?"

വർഷ ചോദിച്ചു.

"ക്ഷണിക്കേണ്ടെന്നു തീരുമാനിച്ചിരുന്നതാ. ഇപ്പം തീരുമാനം മാറ്റി. ഇനി എന്തായാലും ക്ഷണിക്കും." എൽസ ചിരിച്ചു.

"ഇനി ക്ഷണിക്കാൻ മറന്നുപോയാലും ഞങ്ങൾ വരും." അതുകേട്ട് എൽസ പൊട്ടിച്ചിരിച്ചുപോയി.

ചിരിയും വർത്തമാനവുമായി സാവകാശമാണ് മൂന്നുപേരും ഭക്ഷണം കഴിച്ചത്. ഊണു കഴിഞ്ഞ് എണീറ്റപ്പോൾ അരമണിക്കൂർ പിന്നിട്ടിരുന്നു.

"എനിക്കു ഡ്യൂട്ടിക്കു കേറാൻ സമയമായി." എൽസ പറഞ്ഞു.

"ശരി. വീണ്ടും കാണാം." ജയേഷും വർഷയും അവൾക്കു ഷേക്ക്ഹാൻഡ് കൊടുത്തു.

"കല്യാണത്തിന്റെ ക്ഷണക്കത്ത് വാട്സ്ആപ്പിൽ അയച്ചുതന്നേക്കാം."

"ആയിക്കോട്ടെ." ജയേഷ് തലകുലുക്കി.

"സൂസമ്മയാന്റിയോട് എന്റെ അന്വേഷണം പറയണം."

"തീർച്ചയായും. അമ്മയെക്കൊണ്ട് ഇന്നുതന്നെ ഞാൻ വിളിപ്പിക്കാം."

"കല്യാണത്തിന് സൂസമ്മയാന്റിയേം ജോസ് അങ്കിളിനെയും ഞാൻ നേരിട്ടു ക്ഷണിച്ചോളാം. എല്ലാരേം കൂട്ടി വരണംട്ടോ."

"ഒഫ് കോഴ്സ്." ജയേഷ് ഉറപ്പുകൊടുത്തു.

"ശരി. പോട്ടെ. പിന്നെ കാണാം."

അതു പറഞ്ഞിട്ട് എൽസ തിടുക്കത്തിൽ തന്റെ റൂമിലേക്കു പോയി.

ജയേഷും വർഷയും സാവധാനം പുറത്തേക്കിറങ്ങി കാർ പാർക്കുചെയ്തിരുന്ന സ്ഥലത്തേക്കു നടന്നു.

അന്നു രാത്രി എൽസ ഡോക്ടർ മനുവിനെ ഫോണിൽ വിളിച്ചിട്ടു പറഞ്ഞു: "ഞായറാഴ്ച ഞാൻ പൂച്ചപ്പാറപ്പള്ളീൽപോയി കുരിശിങ്കലച്ചനെ ഒന്നു കാണാന്നു വിചാരിക്കാ."

"ആയിക്കോട്ടെ. അച്ചനെ കല്യാണത്തിനു ക്ഷണിക്കുകയും ചെയ്തോ."

"നമ്മുടെ വിവാഹം അച്ചന്റെ മുഖ്യകാർമികത്വത്തിൽ നടത്തണമെന്ന് എനിക്കൊരാഗ്രഹമുണ്ട് മനുവേട്ടാ."

"അതിനെന്താ? അച്ചനു വരാൻ അസൗകര്യമില്ലെങ്കിൽ അച്ചനെത്തന്നെ വിളിച്ചോ. ഞായറാഴ്ച ചെല്ലുമ്പം അക്കാര്യം ഒന്നു ചോദിക്ക്."

"ശരി. ഗുഡ് നൈറ്റ്." എൽസ ഫോൺ കട്ട് ചെയ്തു.

ഞായറാഴ്ച ഉച്ചകഴിഞ്ഞ് എൽസ പൂച്ചപ്പാറപ്പള്ളിയിലേക്കു പോയി. ബസിലാണു പോയത്. അച്ചൻ സ്ഥലത്തുണ്ടെന്നു ഫോണിൽ വിളിച്ച് ഉറപ്പുവരുത്തിയിട്ടാണു പോയത്.

പള്ളിക്കു സമീപം ബസിറങ്ങി നടകൾ കയറി അവൾ പള്ളിമുറ്റത്തെത്തി. അവിടെനിന്ന് നേരേ പള്ളിമേടയിലേക്കു നടന്നു.

വാതിലിന്റെ മുകളിൽ ഫാ. മാത്യു കുരിശിങ്കൽ, വികാരി എന്ന ബോർഡ് കണ്ടപ്പോൾ ആശ്വാസമായി. വാതിൽ അടഞ്ഞുകിടക്കുകയായിരുന്നു. കോളിങ് ബല്ലിൽ വിരലമർത്തി അവൾ കാത്തുനിന്നു.

വാതിൽ തുറന്നു പ്രത്യക്ഷപ്പെട്ടത് ഫാദർ മാത്യു കുരിശിങ്കൽ. എൽസയെ കണ്ടതും അച്ചൻ ഹൃദ്യമായി ചിരിച്ചു. എൽസയും ചിരിച്ചു.

"ഞാൻ നിന്നെ നോക്കിയിരിക്കായിരുന്നു. വാ."

അച്ചൻ അവളെ അകത്തേക്കു ക്ഷണിച്ചു.

കസേരയിലിരുന്നിട്ട് അച്ചൻ അവളോട് അഭിമുഖമായി ഇരിക്കാൻ പറഞ്ഞു.

"കല്യാണമൊക്കെ നിശ്ചയിച്ച് സന്തോഷമായില്ലേ? ഇഷ്ടപ്പെട്ട ആളെത്തന്നെ കിട്ടിയില്ലേ?"

"ഒരുപാട് സന്തോഷമായി അച്ചോ."

"ബ്രോക്കർകാശ് എനിക്കു തരണം കേട്ടോ. ഞാൻ റെക്കമെന്റ് ചെയ്തതുകൊണ്ടാ ഈ കല്യാണം നടക്കുന്നത്. ഡോക്ടറുടെ അമ്മ എന്നെ വിളിച്ച് അഭിപ്രായം ചോദിച്ചായിരുന്നു."

"എനിക്കറിയാം. മനുവേട്ടൻ എന്നോടു പറഞ്ഞിരുന്നു." എൽസ ചിരിച്ചു.

"എന്നാ കല്യാണം? തീയതി നീ എന്നോടു പറഞ്ഞായിരുന്നെങ്കിലും ഞാനതു മറന്നുപോയി. ഇപ്പം പഴേപോലെ ഓർമ ഒന്നും നിക്കുന്നില്ല."

എൽസ തീയതി പറഞ്ഞു.

"എന്നെ ക്ഷണിക്കാൻ വന്നതാണോ?"

"അതു മാത്രമല്ല; അച്ചൻ വേണം ഞങ്ങളുടെ വിവാഹം ആശീർവദിക്കാൻ."

"ഓ... പണ്ടെന്നോ ഞാൻ പറഞ്ഞിരുന്നല്ലോ നിന്റെ കല്യാണം ആശീർവദിച്ചിട്ടേ ഞാൻ കുറുക്കൻകുന്ന് പള്ളീന്നു സ്ഥലം മാറിപ്പോകൂന്ന് അല്ലേ?"

"ഉം."

"മനുവിനോടു ചോദിച്ച് സമ്മതം വാങ്ങിയിട്ടാണോ ഇപ്പം വന്നത്?"

"അതെ. മനുവേട്ടനും അതു സന്തോഷമുള്ള കാര്യമാ. അച്ചനെ നേരിട്ടു വിളിച്ചു മനുവേട്ടൻ പറയും."

"തീർച്ചയായും ഞാൻ വരും മോളേ. നിന്റെ കല്യാണത്തിനു താലി ആശീർവദിച്ചുതരുന്നത് എന്റെ കൈകൊണ്ടായിരിക്കണമെന്ന് പണ്ടേയുള്ള ആഗ്രഹമാ. എന്ത് അസൗകര്യം ഉണ്ടേലും

*ശേഷം 14-ാം പേജിൽ*


# ഭരണഘടന കളിപ്പാട്ടമാക്കരുത്

നേർമൊഴി



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

ഇന്ത്യൻ ഭരണഘടനയുടെ 75 വർഷത്തെ മഹത്തായ യാത്ര എന്ന വിഷയത്തെ ആസ്പദമാക്കി പാർലമെന്റിന്റെ ഇരുസഭകളിലും നടത്തിയ ചർച്ച തർക്കങ്ങൾക്കും സംഘർഷങ്ങൾക്കും സഭാസ്തംഭനത്തിനും സഭയ്ക്കു പുറത്ത് കൈയാങ്കളിക്കും കാരണമായത്, ഭരിക്കുന്ന ബിജെപിക്കും പ്രതിപക്ഷ ഐക്യമായ ഇന്ത്യാസഖ്യത്തിനും ഭരണഘടനയെക്കുറിച്ചുള്ള കാഴ്ചപ്പാട് വ്യത്യസ്തവും വിരുദ്ധവുമാണെന്നു വ്യക്തമാക്കുന്നതാണ്. ചർച്ചയ്ക്കിടയിൽ അമിത് ഷാ നടത്തിയ ഏതാനും പരാമർശങ്ങൾ ഭരണഘടനാശില്പി ഡോ. ബി.ആർ. അംബേദ്കറെ അപമാനിക്കുന്നവയായിരുന്നുവെന്ന ആരോപണമുന്നയിച്ചാണ് കോൺഗ്രസ് രംഗത്തുവന്നത്. ഭരണഘടനയെയും ഭരണഘടനാശില്പിയെയും അപഹസിച്ചത് കോൺഗ്രസാണെന്നു ബിജെപി തിരിച്ചടിച്ചു. അംബേദ്കർഎന്നു നാഴികയ്ക്കു നാല്പതുവട്ടം പറഞ്ഞുനടക്കുന്നതല്ലാതെ അദ്ദേഹം പ്രതിനിധാനം ചെയ്ത ദളിത്-പിന്നാക്കവിഭാഗങ്ങൾക്കുവേണ്ടി കോൺഗ്രസ് ഒന്നും ചെയ്തില്ലെന്നും അംബേദ്കർ എന്ന വാക്ക് ഉരുവിടുന്ന സമയത്ത് അത്രയും തവണ ദൈവനാമം ഉരുവിട്ടിരുന്നെങ്കിൽ സ്വർഗം ലഭിക്കുമായിരുന്നുവെന്നും അമിത് ഷാ മറുപടിയായി പറഞ്ഞു.




പ്രത്യേക പത്രസമ്മേളനം വിളിച്ച് അമിത്ഷായോടുള്ള പ്രതിഷേധമറിയിച്ച കോൺഗ്രസ് പ്രസിഡന്റ് ഖാർഗയ്ക്കെതിരേ പ്രധാനമന്ത്രിതന്നെ മാധ്യമങ്ങൾക്കുമുമ്പിൽ പ്രത്യക്ഷപ്പെട്ടു. കോൺഗ്രസിനെ പഴിക്കുകയും ഷായെ സംരക്ഷിക്കുകയുമായിരുന്നു പ്രധാനമന്ത്രിയുടെ ലക്ഷ്യം.

കോൺഗ്രസിന്റെ ഭരണകാലം ദളിത്- പിന്നാക്കവിഭാഗങ്ങളുടെ ഇരുണ്ട കാലമായിരുന്നു. ദളിതരെയും പട്ടികജാതി - പട്ടികവർഗ വിഭാഗങ്ങളെയും ചേർത്തുപിടിക്കാനോ വികസനത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാനോ കോൺഗ്രസിനു സാധിച്ചില്ല. സവർണമനോഭാവമുള്ള കോൺഗ്രസിനും നെഹ്റുകുടുംബത്തിനും അതു സാധിക്കുമെന്നും തോന്നുന്നില്ല. ബിജെപിയുടെ ഈ ആക്ഷേപത്തെ കോൺഗ്രസ്നേതാക്കൾ തള്ളുകയും അവരുടെ ദളിത്പ്രേമം വോട്ടുബാങ്കു ലക്ഷ്യംവച്ചുള്ള വിഭജനരാഷ്ട്രീയത്തിന്റേതാണെന്നു വിശദീകരിക്കുകയും ചെയ്തു. ബിജെപിക്കും സംഘപരിവാർ നേതൃത്വത്തിനും ഭരണഘടനയോടല്ല, മനുസ്മൃതിയോടാണു വിധേയത്വം. ഭരണഘടനയെ മാനിക്കുന്നവർക്കു മതരാഷ്ട്രീയം സാധ്യമല്ലെന്നും ബിജെപിയുടെ ശ്രമം ഹിന്ദുത്വഅജണ്ട നടപ്പിലാക്കി ഭാരതത്തിന്റെ മതേതരത്വസങ്കല്പത്തെ തകർക്കുകയാണെന്നും കോൺഗ്രസ് വ്യക്തമാക്കി. ദളിത്സംരക്ഷണത്തിനു കോൺഗ്രസ് ഒന്നും ചെയ്തില്ലെന്നു സ്ഥാപിക്കാൻ 1953 ൽ ഒബിസി സംരക്ഷണത്തിനായി രൂപീകരിച്ച കാക്കാ കലേക്കർ കമ്മീഷന്റെ കാര്യം ചൂണ്ടിക്കാട്ടി. കമ്മീഷന്റെ റിപ്പോർട്ട് പൂഴ്ത്തിവച്ചു. അതു പുറത്തുവന്നത് 1980 ലാണ്. അന്നാകട്ടെ, കോൺഗ്രസ് ഭരണത്തിലുണ്ടായിരുന്നുമില്ല. കാക്കാ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ കോൺഗ്രസ് ശ്രമിച്ചിരുന്നെങ്കിൽ മണ്ഡൽ കമ്മീഷൻ വേണ്ടിവരുമായിരുന്നില്ലെന്നും ബിജെപി നേതാക്കൾ കൂട്ടിച്ചേർത്തു.

ബിജെപിയുടെ എല്ലാ ആക്ഷേപങ്ങൾക്കും കോൺഗ്രസ് അക്കമിട്ടു മറുപടി പറഞ്ഞു. നെഹ്റുവിന്റെ കാബിനറ്റു തന്നെ ഇന്ത്യയുടെ ബഹുസ്വരതയെ കണക്കിലെടുത്തായിരുന്നു. മന്ത്രിസഭയിലെ 12 പേരിൽ 5 പേർ കോൺഗ്രസുകാർ പോലുമായിരുന്നില്ല. ഡോ. അംബേദ്കർ, ജനസംഘം നേതാവ് ശ്യാമപ്രസാദ് മുഖർജി, ജസ്റ്റീസ് പാർട്ടി നേതാവ് ഷൺമുഖം ചെട്ടി, സ്വതന്ത്രപാർട്ടി നേതാവ് രാജഗോപാലാചാരി തുടങ്ങിയവർ കോൺഗ്രസിനു പുറത്തുള്ളവരായിരുന്നു. കിസാൻ മസ്ദൂർ പാർട്ടിയിൽനിന്നുള്ള റാഫി അഹമ്മദ് കിദ്വായ്, ധനമന്ത്രി ബിസിനസുകാരനായ സി.എച്ച്. ഭാമ എന്നിവരുടെ കാര്യവും കോൺഗ്രസ് ചൂണ്ടിക്കാണിച്ചു. അതായത്, കോൺഗ്രസ് മന്ത്രിസഭയിൽ ഹിന്ദു, മുസ്ലീം, സിക്ക്, പാഴ്സി, ക്രിസ്ത്യൻ, ദളിത് പ്രതിനിധികളുണ്ടായിരുന്നു. ബിജെപിയാകട്ടെ ഭൂരിപക്ഷവിഭാഗത്തിനുമാത്രമാണു മുൻഗണന നൽകുന്നത്.

ഭരണഘടനയെക്കുറിച്ചുള്ള ചർച്ച പൊടുന്നനേ ഉണ്ടായതല്ല. ഭരണഘടനയുടെ 75-ാം വാർഷികമാണ് പശ്ചാത്തലമെങ്കിലും അതേച്ചൊല്ലിയുള്ള തീപാറുന്ന പ്രഭാഷണങ്ങൾ കോൺഗ്രസ് നേരത്തേ ആരംഭിച്ചിരുന്നു. ഭരണഘടനാവിരുദ്ധനിലപാടാണ് ബിജെപിയുടേതെന്നു വേദികളിൽ ഭരണഘടന ഉയർത്തിപ്പിടിച്ചു സംസാരിച്ചു മാധ്യമശ്രദ്ധ നേടിയത് രാഹുൽഗാന്ധിയാണ്. ജോഡോയാത്രയെ അദ്ദേഹം ഈ ലക്ഷ്യത്തിനുവേണ്ടി സമൃദ്ധമായി പ്രയോജനപ്പെടുത്തി. പ്രധാനമന്ത്രി യാന്ത്രികമായാണെങ്കിലും ഭരണഘടനയെ വണങ്ങാൻ തുടങ്ങിയത് ഭരണഘടന ചർച്ചാവിഷയമാക്കിയതിനുശേഷമാണെന്ന കോൺഗ്രസിന്റെ വാദത്തെ അംഗീകരിക്കുന്നവരുടെ എണ്ണം അനുദിനം വർധിച്ചുവന്നു.

ഭരണഘടനയെ കോൺഗ്രസും നെഹ്റുകുടുംബവും സ്വകാര്യസ്വത്തും കുടുംബസ്വത്തുമാക്കി മാറ്റുകയും അതിനെ ദുരുപയോഗം ചെയ്യുകയും ചെയ്തുവെന്ന ആക്ഷേപം ബിജെപി നേതാക്കളിൽനിന്നുണ്ടായി. അതിനെ പ്രതിരോധിക്കാൻവേണ്ടിക്കൂടിയാണ് ബിജെപിയുടെ പ്രത്യയശാസ്ത്രവും വേദപുസ്തകവും മനുസ്മൃതിയാണെന്നു കോൺഗ്രസ് ആവർത്തിച്ചത്.

ഭരണഘടന രാജ്യത്തിന്റെ അടിത്തറയാണ്. അതിനു കാലോചിതമായ ഭേദഗതിയാകാമെങ്കിലും അതിന്റെ അടിസ്ഥാനസ്വഭാവത്തെ ഇല്ലാതാക്കുന്ന ചർച്ചകളും ഭേദഗതികളും ഗുണകരമല്ല. ഭരണഘടനയെക്കുറിച്ചുള്ള ചർച്ചകൾ വോട്ടുബാങ്ക് ഭദ്രമാക്കാനാകരുത്, പകരം, ഭരണഘടനാമൂല്യങ്ങൾ ജീവിതപ്രമാണമാക്കുന്നതിനു സഹായകമായ വിധത്തിലായിരിക്കണം.

# മലയാളസാഹിത്യനഭസ്സിലെ നിത്യതാരകം

*14-ാം പേജ് തുടർച്ച*

സാഹിത്യ അക്കാദമി അവാർഡുകൾ ഉൾപ്പെടെ ധാരാളം ഉയർന്ന പുരസ്കാരങ്ങൾക്ക് എം.ടി.യെ അർഹനാക്കിയ ആദ്യകാലനോവലുകളിലൊന്നാണ് നാലുകെട്ട്. പുതിയ ഒരു കുടുംബാന്തരീക്ഷം, ജീവിതബന്ധങ്ങൾ. ഭാവിയെക്കുറിച്ചുള്ള പുതിയ സങ്കല്പനം ഉൾക്കൊള്ളുന്ന ആ കഥാശില്പം തീർച്ചയായും അതിന്റെ ഉള്ളടക്കത്തിലും അതുണർത്തിയ സംസ്കാരത്തിലും ഏറെ ശ്രദ്ധേയമായിരുന്നു എന്നു പറയാതെ വയ്യ. അങ്ങനെ മലയാളസാഹിത്യത്തിൽ പുതിയ ഭാവുകത്വം സൃഷ്ടിച്ച എം.ടി. എന്ന കഥാകാരന്റെ ആദ്യകാല സൃഷ്ടികളാണിവ. അവിടെനിന്ന് അദ്ദേഹം മുന്നിൽ സഞ്ചരിക്കുകയും ഞങ്ങൾ പിന്നാലെ നടക്കുകയും ചെയ്തു. എപ്പോഴും ഞാൻ അദ്ദേഹത്തിന്റെ പിന്നാലേ ഉണ്ടായിരുന്നു. ആ അഭിമാനം ഞാൻ പങ്കുവയ്ക്കുകയും ചെയ്യുന്നു.

എം.ടി.യുടെ ഓരോ കൃതിയും ഞാൻ ശ്രദ്ധാപൂർവം വായിച്ചിട്ടുണ്ട്, പഠിക്കാൻ ശ്രമിച്ചിട്ടുണ്ട്. അത് എന്റെ വിവേകത്തിന്റെയും ജ്ഞാനത്തിന്റെയും അടയാളമാക്കിത്തീർക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. എന്നും എഴുത്തുവഴികളിൽ സംസ്കാരത്തിന്റെ പ്രകാശനക്ഷത്രമായി എം.ടി.യുടെ വാക്കുകൾ എന്റെ മുന്നിൽ തെളിഞ്ഞിട്ടുണ്ട്. ആ നക്ഷത്രമാണ് കഴിഞ്ഞ ഒരു രാത്രിയിൽ അപ്രത്യക്ഷമായത്. അത് അപ്രതീക്ഷിതമായിരുന്നില്ല. അദ്ദേഹം രോഗാവസ്ഥയിൽ ആയിരുന്നു.

ഈ വേർപാടിന്റെ നിമിഷത്തിൽ എം.ടി. എന്നെ സംബന്ധിച്ചിടത്തോളം ആരായിരുന്നു എന്ന് ഓർത്തുപോവുകയാണ്. അദ്ദേഹം മാതൃഭൂമിയുടെ പത്രാധിപരായിരുന്ന സമയത്ത് എന്റെ ഏതാനും ചെറുകഥകൾ അതിൽ വെളിച്ചം കണ്ടിട്ടുണ്ട് എന്നുള്ളത് എന്റെ സ്വകാര്യമായ അഭിമാനമാണ്. മാതൃഭൂമി അങ്ങ് ദൂരെ കോഴിക്കോട്ടായിരുന്നു. ഞങ്ങൾ ഇവിടെ തിരുവിതാംകൂർ - കൊച്ചിയിൽ ജീവിച്ചിരുന്നവർ.

തെക്കോട്ടു വരുമ്പോൾ എഴുത്തിന്റെ വഴികളിൽ വെളിച്ചമുണ്ടോ എന്നു തിരക്കാൻ അല്ലെങ്കിൽ ആ വെളിച്ചം ശ്രദ്ധിക്കാൻ അധികം പേരും മെനക്കെട്ടില്ല എന്നുള്ളതാണ് വാസ്തവം. എങ്കിലും ഇവിടെ വായിച്ചു പഠിച്ച് കാര്യങ്ങൾ മനസ്സിലാക്കി ജീവിതത്തിന്റെ സത്യങ്ങൾ തുറന്നുപറഞ്ഞുകൊണ്ടു ജീവിക്കുന്ന എഴുത്തുകാർ ഉണ്ടായിരുന്നു എന്നുള്ളത് പലരും മറന്നുപോയി. ഇത് ഓർമിക്കേണ്ടതായിരുന്നു, ശ്രദ്ധിക്കേണ്ടതായിരുന്നു. അതുവഴി മലയാളത്തിനു സംഭവിക്കാമായിരുന്ന കൂടുതൽ വിശാലമായ ഒരു ബോധം നഷ്ടപ്പെട്ടുപോയി എന്നതാണ് എന്റെ ദുഃഖം. എന്നാൽ, എം.ടി. വടക്കുനിന്ന് കണ്ണുകളയച്ച് കേരളത്തിന്റെ തെക്കേയറ്റത്തു ജീവിക്കുന്ന ഞങ്ങളെപ്പോലെയുള്ള അന്നത്തെ പുതിയ തലമുറയിൽപ്പെട്ട എഴുത്തുകാരെ ശ്രദ്ധിച്ചിരുന്നു, പ്രോത്സാഹിപ്പിച്ചിരുന്നു എന്നതാണു വാസ്തവം; പത്രാധിപർ എന്നുള്ള നിലയിൽ, അദ്ദേഹത്തോട് വ്യക്തിപരമായി എനിക്കു വലിയ കടപ്പാടുള്ള ഒരു കാര്യമുണ്ട്. ഞാനെഴുതിയ ഒരു യാത്രാവിവരണമാണ്. 'ഒലിവുമരങ്ങളുടെ നാട്ടിൽ' ഹോളിലാൻഡ് എന്ന് അടയാളപ്പെടുത്തുന്ന ഇസ്രയേൽ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിൽ യാത്ര ചെയ്തതിന്റെ നേർച്ചിത്രങ്ങൾ. ഏറെ ശ്രദ്ധിക്കപ്പെട്ട ആ യാത്രാവിവരണം പിൽക്കാലത്ത് എനിക്ക് ഏറെ അംഗീകാരങ്ങൾ നേടിത്തന്നു. ആദ്യമായി കോഴിക്കോട്ടുവച്ച് ഈ പുസ്തകം എം.ടി.യെ ഏല്പിക്കുമ്പോൾ എന്നോടു ചോദിച്ചത് നമുക്കിത് പ്രകാശനം ചെയ്യേണ്ടേ എന്നാണ്.

ഈ പുസ്തകം പ്രകാശനം ചെയ്യുന്നതിനുവേണ്ടി മാത്രം അദ്ദേഹം തിരുവനന്തപുരത്തു വന്നു. മനോഹരമായ ഒരു സമ്മേളനത്തിൽവച്ച് അദ്ദേഹം അത് പ്രകാശനം ചെയ്യുകയും ചെയ്തു. അതിന്റെ പുതിയ പതിപ്പുകളിൽ എം.ടി.യുടെ പ്രസംഗം കൂടി ചേർത്താണ് പുറത്തിറക്കിയിരിക്കുന്നത്.

മലയാളത്തിന്റെ മഹാസഞ്ചാരി എന്നു പറയുന്നത് എസ്.കെ.പൊറ്റെക്കാട്ട് ആണ്. എം.ടി.യും നല്ല യാത്രികൻതന്നെ. ചെന്നുപെടാത്ത ഭൂവിഭാഗങ്ങളിലൂടെ ഇതാ ഈ പുതിയ എഴുത്തുകാരൻ യാത്ര ചെയ്യുന്നു; അത് മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു എന്നാണ് എം.ടി. എന്റെ പുസ്തകത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. അത് എന്റെ പുസ്തകത്തിന് അലങ്കാരമായി, എന്റെ ജീവിതത്തിന് അനുഗ്രഹമായി.

തുഞ്ചൻപറമ്പിൽ, സാഹിത്യ അക്കാദമിയിൽ ഒക്കെയുള്ള കൂടിക്കാഴ്ചകൾ! എന്റെ സാഹിത്യജീവിതത്തെ കൂടുതൽ സമ്പന്നമാക്കിയിരുന്ന ഞങ്ങളുടെ സൗഹൃദം ഒരു ചെടിയായി, വൻവൃക്ഷമായി വളർന്ന് വലിയൊരു ആകാശമായി മാറിയെന്നതാണു സത്യം.

ഇന്ത്യയുടെ മഹാനായ സാഹിത്യകാരൻ, മലയാളഭാഷയ്ക്ക് അതിന്റെ മാനവികതയ്ക്ക് വലിയ ഉയർച്ച ഉണ്ടാക്കിത്തന്ന പ്രതിഭാശാലി. വ്യക്തിപരമായി നല്ല ബന്ധങ്ങൾ സൂക്ഷിച്ചിരുന്ന മഹാത്മാവ്. ഈ നിലകളിലൊക്കെ എം.ടി. വാസുദേവൻ നായരെ സാദരം ഓർമിക്കുന്നു. എം.ടി. എനിക്ക് കേവലം രണ്ട് അക്ഷരമല്ല. 'ഗുരുത്വം' എന്ന മൂന്നക്ഷരത്തിന്റെ നിറവാണ്; മലയാളസാഹിത്യത്തിന്റെ മഹാസത്യമാണ്; ചൈതന്യമാണ്.

■

# സ്വഭാവരൂപീകരണത്തിൽ കലാലയങ്ങളുടെ പങ്ക് നിസ്തുലം

## സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ

പാലാ: ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണത്തിൽ കലാലയങ്ങൾക്കുള്ള പങ്ക് വളരെ നിസ്തുലമാണെന്ന് സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ. സെന്റ് തോമസ് കോളജ് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ആഗോള പൂർവവിദ്യാർഥിമഹാസംഗമത്തിന്റെ സമാപനസമ്മേളനത്തിൽ മുഖ്യ സന്ദേശം നല്കി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളം കൈവരിച്ച നേട്ടങ്ങളെല്ലാം ക്രാന്തദർശികളായ വിദ്യാഭ്യാസപ്രവർത്തകരുടെ അധ്വാനഫലമാണ്. വിദ്യാഭ്യാസകാലത്തു ലഭിക്കുന്ന ചെറിയ തിരുത്തലുകൾപോലും വലിയ മാറ്റങ്ങൾക്കു കാരണമാകുന്നു.

കാലഘട്ടം ആവശ്യപ്പെടുന്ന സ്വാതന്ത്ര്യത്തിന്റെ സുഖം അനുഭവിക്കാൻ വിദ്യാർഥികൾക്ക് അവകാശമുണ്ടെന്ന് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. കരുതലും കരുണയും നൽകുന്ന അമ്മയുടെ സ്ഥാനമാണു വിദ്യാലയങ്ങൾക്കുള്ളതെന്ന് അദ്ദേഹം പറഞ്ഞു. മാർ ജോസഫ് സ്രാമ്പിക്കൽ, മാർ ജോസഫ് കൊല്ലംപറമ്പിൽ, എം.പിമാരായ ഫ്രാൻസിസ് ജോർജ്, ജോസ് കെ. മാണി, മാണി സി. കാപ്പൻ എം.എൽ.എ, മുൻ എം.പിമാരായ ജോയി എബ്രാഹം, ജോയി നടുക്കര, മുൻ എം.എൽ.എ മാരായ ഡോ.കെ. സി. ജോസഫ്, പ്രൊഫ.വി.ജെ ജോസഫ്, ജോസഫ് വാഴയ്ക്കൻ, മുനിസിപ്പൽ ചെയർമാൻ ഷാജു തുരുത്തൻ, പ്രിൻസിപ്പൽ ഡോ. സിബി ജെയിംസ്, മുൻ പ്രിൻസിപ്പൽ ഫാ. ഡോ. ജയിംസ് മംഗലത്ത്, അലുംനി അസോസിയേഷൻ പ്രസിഡന്റ് ഡിജോ കാപ്പൻ, ജനറൽ കൺവീനർ ഡോ. സാബു ഡി. മാത്യു, ജിമ്മി ജോസഫ് താഴത്തേൽ എന്നിവർ പ്രസംഗിച്ചു.

രാവിലെ 11.30 ന് മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ് പതാക ഉയർത്തി. തുടർന്നു പൂർവവിദ്യാർഥികൾ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ ഒത്തുചേർന്ന് ഓർമകൾ പങ്കുവെച്ചു. തുടർന്നു നടന്ന യോഗത്തിൽ കോളജ് മാനേജർ മോൺ. ഡോ. ജോസഫ് തടത്തിൽ അധ്യക്ഷത വഹിച്ചു. മുൻ കേന്ദ്ര പെട്രോളിയം വകുപ്പു സെക്രട്ടറി അഗസ്റ്റിൻ പീറ്റർ, മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ ജോസ് പനച്ചിപ്പുറം, പ്രമുഖ കാർഡിയോളജിസ്റ്റ് ഡോ. ജോസ് പെരിയപ്പുറം, ദീപിക ഡൽഹി ബ്യൂറോ ചീഫ് ജോർജ് കള്ളിവയലിൽ, ആർ.ഗിരിജ ഐ.എ.എസ്, കേരള പൊലീസ് മുൻ ഐ.ജി. ജോസ് ജോർജ് ഐ.പി.എസ്, ബ്രില്യന്റ് സ്റ്റഡി സെന്റർ ഡയറക്ടർ ജോർജ് തോമസ്, കോളജ് വൈസ് പ്രിൻസിപ്പൽ ഫാ. സാൽവിൻ കാപ്പിലിപ്പറമ്പിൽ, മുൻ വി.സിമാരായ ഡോ.ബാബു സെബാസ്റ്റ്യൻ, സണ്ണി സെബാസ്റ്റ്യൻ, വർഗീസ് മുണ്ടമറ്റം, കാർഡമം പ്ലാന്റേഴ്സ് ഫെഡറേഷൻ ചെയർമാൻ സ്റ്റെനി പോത്തൻ, വിശ്വാസ് ഫുഡ്സ് എം.ഡി. സോണി ആന്റണി, അലുംനി അസോസിയേഷൻ ട്രഷറർ ഡോ. സോജൻ പുല്ലാട്ട് എന്നിവർ പ്രസംഗിച്ചു.

സോണി ടി.വി. റിയാലിറ്റി ഷോ സൂപ്പർസ്റ്റാർസിംഗർ ആവിർഭവ് ദീപം തെളിച്ചു.

കോളജിന്റെ ബി ബ്ളോക്ക് നിർമാണഫണ്ട് ശേഖരണാർഥം ഗാനമേള നയിച്ച യശഃശരീരനായ മുഹമ്മദ് റാഫിയെ യോഗത്തിൽ അനുസ്മരിച്ചു. അന്ന് അദ്ദേഹം പാടിയ അതേ പാട്ട് പൂർവ വിദ്യാർഥി എം.എ നസ്റുദീൻ പാടിയത് സദസ് കരഘോഷത്തോടെ സ്വീകരിച്ചു.

പൂർവവിദ്യാർഥി എ.ജെ ജയിംസ് രചിച്ച കാതലുള്ള കഥകൾ എന്ന പുസ്തകം മോൺ. ജോസഫ് തടത്തിൽ ഡോ. ജോസ് പെരിയപ്പുറത്തിനു നൽകി പ്രകാശനം ചെയ്തു.

വിവിധ തുറകളിൽ പ്രഗല്ഭരായ 75 പേർ ചേർന്ന് ജൂബിലി ദീപം തെളിച്ചുകൊണ്ടായിരുന്നു സമ്മേളനത്തിന്റെ ആരംഭം. ഉന്നതബഹുമതികൾക്കും പദവികൾക്കും അർഹരായവരെയും കോളജിന്റെ മുൻസാരഥികൾ, മുൻ യൂണിയൻ ചെയർമാൻമാർ, അഭ്യുദയകാംക്ഷികളായ വ്യക്തികൾ എന്നിവരെയും സമ്മേളനത്തിൽ ആദരിച്ചു. മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ്, വിശ്വസാഹിത്യകാരൻ എം.ടി വാസുദേവൻനായർ, കോളജ് വിദ്യാർഥി അദ്വൈത് ലാൽ എന്നിവരുടെ വിയോഗത്തിൽ സമ്മേളനം അനുശോചിച്ചു. വൈകിട്ടു നടന്ന കലാസന്ധ്യയിൽ പ്രശസ്ത പിന്നണി ഗായകൻ ജി. വേണുഗോപാലും സംഘവും നയിച്ച ഗാനമേളയും റെജി രാമപുരത്തിന്റെ മിമിക്രിയും പരിപാടികൾക്കു കൊഴുപ്പേകി.

# സി. ഡോ. സിജി തെരേസ് പ്രൊവിൻഷ്യൽ സുപ്പീരിയർ



പാലാ: സി. എം.സി. കോൺഗ്രിഗേഷന്റെ പാലാ ജയമാതാ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി സിസ്റ്റർ ഡോ. സിജി തെരേസ് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. സിസ്റ്റർ ഡോ. കൃപ മരിയ, സിസ്റ്റർ ജെസ്ലിൻ മരിയ, സിസ്റ്റർ സിൽവിൻ, സിസ്റ്റർ ഡോ. മേരി തോമസ്, സിസ്റ്റർ ഡോ. മേരി ആൻ എന്നിവർ കൗൺസിലേഴ്സ് ആയും തിരഞ്ഞെടുക്കപ്പെട്ടു. സിസ്റ്റർ റാണിറ്റിനെ ഇന്റേണൽ ഓഡിറ്ററായും സിസ്റ്റർ മേബിൾ തെരേസിനെ പ്രൊവിൻഷ്യൽ സെക്രട്ടറിയായും സിസ്റ്റർ ജെസിനാ മരിയയെ ഫിനാൻസ് സെക്രട്ടറിയായും നിയമിച്ചു.

# സി. മരീന ഞാറക്കാട്ടിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ



പാലാ: എസ്.എ.ബി.എസ്. പാലാ ക്രിസ്തുരാജ് പ്രൊവിൻസിന്റെ സുപ്പീരിയറായി സി. മരീന ഞാറക്കാട്ടിൽ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. സി.ലിസ്ബത്ത് കൊള്ളിക്കുളവിൽ വികാർ പ്രോവിൻഷ്യാളായും സി. ട്രീസ കോയിക്കൽ, സി. ബിൻസി അറയ്ക്കൽ, സി. മരിയറ്റ് കുഴിവേലിൽ, സി. ലിസ പുത്തൻവീട് എന്നിവരെ കൗൺസിലേഴ്സായും തിരഞ്ഞെടുത്തു. സി. ആൻസിൽ ഔസേപ്പറമ്പിലിനെ ഫിനാൻസ് ഓഫീസറായും സി. ട്രീസാ മുക്കലാടിയിലിനെ സെക്രട്ടറിയായും നിയമിച്ചു.

കവിത

# ഇന്നു ഞാനെങ്കിൽ നാളെ നീ?

കാഞ്ചിയാർ മോഹനൻ

ഖണ്ഡമാക്കല്ലേ ഭാരതം
ദണ്ഡമാക്കല്ലേ ജീവിതം
പുണ്യമാം വഴിത്താരയിൽ
മുള്ളുകൾ വിതറീടല്ലേ.

മണ്ണു പങ്കിട്ടെടുക്കല്ലേ
വിണ്ണിൽ വേലികൾ
തീർക്കല്ലേ.
സൗഹൃദങ്ങൾതൻ
തോണികൾ മുക്കി
വെള്ളത്തിലാഴ്ത്തല്ലേ.

ചേരി തീർത്തീ പെരുവഴി,
ചോര ചീന്തിപ്പരസ്പരം
പോരു തീർക്കാനനശ്വര
ജീവിതം ഇവിടില്ല ഹേ?

അർഥപൂർണ്ണമാം നിൻപദം
വ്യർഥമാകാതിരിക്കുവാൻ
ഹൃത്തടങ്ങളിൽ സ്നേഹമാം
വിത്തുകൾ പാകി വാഴുക.

ജാതിഭേദമീ ഉർവിയിൽ
വേണ്ട വേണ്ട സഹോദരാ
ആണ്ടു പോകുമീ ജീവിതം
പാരിലെത്രയോ നിഷ്ഫലം...?

മറ്റൊരുത്തന്റെ ജീവിതം
കട്ടെടുത്തും കലഹിച്ചും
സ്വസ്ഥമായി മരിക്കുവാൻ
ഒട്ടു പറ്റില്ലൊരിക്കലും.

ഒന്നു ചൊല്ലുന്നു വേദിയിൽ
മറ്റൊന്നു ചെയ്യുന്നു
ഊഴിയിൽ
തെറ്റുപറ്റുമ്പൊഴൊക്കെയും
ബുദ്ധിപൂർവം മറഞ്ഞിടും.

ധർമമില്ലാത്ത ജീവിതം
അധർമമാണിതെന്നോർക്കുക,
കർമം ചെയ്യുക നാമെന്നും
അതിൻ മർമംപയ്യെ
വെളിപ്പെടും

തിരികെയെത്തില്ല ജീവിതം
സ്വയമരികിലെത്തില്ല
വാഴ്വുകൾ
പകരമില്ലാത്തതൊത്തിരി
പലതുമുണ്ടെന്റെ ഭൂമിയിൽ

വാരിയൊത്തിരി കൂട്ടുവാൻ
ഓടുമൊത്തിരി മുൻവഴി
തേടിയെത്തുന്നു
ബന്ധുക്കൾ
നിൻശവം തേടി ആ വഴി

ആരു കാണുന്നു,കേൾക്കുന്നു
കേവലം വെറും വാക്കുകൾ
ഇന്നു നീയെങ്കിൽ നാളെ
ഞാനെന്ന്
ആരു കാണുന്നു ലോകമേ...?




*11–ാം പേജ് തുടർച്ച*

ഞാൻ വരും."

"താങ്ക്യു ഫാദർ."

"ആശുപത്രിയിലെ സ്റ്റാഫൊക്കെ അറിഞ്ഞോ നിന്റെ കല്യാണക്കാര്യം?"

"അറിഞ്ഞു. നിശ്ചയം കഴിഞ്ഞപ്പം എല്ലാരോടും പറഞ്ഞു."

"മറ്റു പെണ്ണുങ്ങൾക്കൊക്കെ അസൂയയായിരിക്കും നിന്നോട് അല്ലേ?"

"അറിയില്ല."

"കല്യാണം കഴിയുമ്പം നിന്റെ സ്വഭാവത്തിലൊന്നും മാറ്റം വരുത്തിയേക്കരുതു കേട്ടോ. പ്രാർഥനയും കുർബാനയുമൊന്നും മുടക്കിയേക്കരുത്.''

"ഇല്ലച്ചോ."

"സ്വന്തം അപ്പനേം അമ്മയേയും സ്നേഹിച്ചതിനേക്കാൾ കൂടുതലായിട്ട് അമ്മായിയപ്പനേം അമ്മായിയമ്മേം സ്നേഹിച്ചോണം. അവരെന്തെങ്കിലും ഇഷ്ടപ്പെടാത്തതു പറഞ്ഞാൽ തർക്കുത്തരം പറയാനോ മുഖം കറുപ്പിക്കാനോ ഒന്നും പോയേക്കരുത്. അപ്പനേം അമ്മേം നഷ്ടപ്പെട്ട നിനക്ക് ദൈവം പുതിയൊരു അപ്പനേം അമ്മേം തരികാന്നു വിചാരിച്ചോണം."

"ഉം." അവൾ തലകുലുക്കി.

"എല്ലാവരോടും സ്നേഹത്തോടെയും സൗമ്യതയോടെയും സംസാരിക്കുകയും ഇടപെടുകയും ചെയ്തോണം. ഞാൻ റെക്കമെന്റ് ചെയ്തിട്ടാ ഈ കല്യാണം നടക്കുന്നതെന്ന ഓർമ എപ്പഴും വേണം. എനിക്കു പേരുദോഷം ഉണ്ടാക്കിയേക്കരുത്."

"ഇല്ലച്ചോ."

അച്ചൻ കുറെ ഉപദേശങ്ങളും നിർദേശങ്ങളും നൽകിയിട്ട് എണീറ്റു.

"വാ... കാപ്പി കുടിച്ചിട്ടു പോകാം. പണ്ട് ഞാൻ നിന്റെ വീട്ടിൽ വരുമ്പോ നീയല്ലായിരുന്നോ എനിക്കു കാപ്പി എടുത്തു തരുന്നത്. ഇന്ന് എന്റെ കൈകൊണ്ട് നിനക്കു തരാം." അച്ചൻ ചിരിച്ചു.

"താങ്ക് യു ഫാദർ."

ഡൈനിങ് റൂമിൽ കൊണ്ടുപോയി അച്ചൻ അവൾക്കു കാപ്പിയും പലഹാരങ്ങളും എടുത്തുകൊടുത്തു. എൽസ സന്തോഷത്തോടെ അതു കഴിച്ചു.

"കല്യാണത്തിന്റെ രണ്ടു ദിവസം മുമ്പേ എന്നെ വിളിച്ചോന്ന് ഓർമിപ്പിക്കണേ. പഴേപോലെ ഓർമ നിക്കുന്നില്ല. അതുകൊണ്ടാ."

"വിളിക്കാം അച്ചോ."

കാപ്പി കുടിച്ച് എണീറ്റിട്ട് എൽസ പറഞ്ഞു: ''എന്നാ ഞാൻ പോട്ടെ അച്ചോ. അച്ചൻ എനിക്കുവേണ്ടിയുള്ള പ്രാർഥന മുടക്കരുത്. ഹസ്ബന്റിന്റെ വീട്ടിൽ സന്തോഷത്തോടെ കഴിയാനും മനുവേട്ടന്റെ ഇഷ്ടത്തിനനുസരിച്ചു ജീവിക്കാനുമുള്ള ദൈവകൃപ കിട്ടാൻ വേണ്ടീട്ട്."

"തീർച്ചയായും. നീ പറഞ്ഞില്ലെങ്കിലും ഞാൻ പ്രാർഥിക്കും. എന്റെ കുഞ്ഞനിയത്തിയല്ലേ നീ."

എൽസ ചിരിച്ചതേയുള്ളൂ.

"വാ... നിനക്കു ഞാനൊരു സമ്മാനം തന്നുവിടാം."

അച്ചൻ അവളെ വിളിച്ചുകൊണ്ട് മുറിയിലേക്കു പോയി. അലമാരയിൽനിന്ന് കന്യാമാതാവിന്റെ ഒരു തിരുസ്വരൂപം എടുത്ത് എൽസയ്ക്കു നീട്ടിക്കൊണ്ടു പറഞ്ഞു:

"ഫ്രാൻസിസ് പാപ്പാ വെഞ്ചരിച്ച മാതാവിന്റെ രൂപമാ. അഞ്ചു വർഷം മുമ്പ് ഞാൻ റോമിൽ പോയപ്പോൾ വെഞ്ചരിച്ചുവാങ്ങിയതാ. ഇതു നിനക്കിരിക്കട്ടെ. കല്യാണം കഴിയുമ്പം നിങ്ങടെ കിടപ്പുമുറീൽ വച്ചേക്കണം. എന്നും അഞ്ചുമിനിറ്റു നേരം മാതാവിനോടു മധ്യസ്ഥപ്രാർഥന നടത്തിയിട്ടേ കിടന്നുറങ്ങാവൂ കേട്ടോ."

"ഉം."

അച്ചൻ അവളുടെ തലയിൽ കൈവച്ചു പ്രാർഥിച്ചിട്ടു പറഞ്ഞു:

"എല്ലാം ഭംഗിയായി നടക്കാൻ ദൈവം അനുഗ്രഹിക്കട്ടെ."

യാത്ര പറഞ്ഞു പള്ളിമേടയിൽനിന്നിറങ്ങുമ്പോൾ എൽസയുടെ മനസ്സിൽ വലിയ സന്തോഷമായിരുന്നു. അവൾ ബസ്സ്റ്റോപ്പിലേക്കു നടന്നു. വൈകാതെ ബസ് കിട്ടി. ഹോസ്റ്റലിൽ വന്നു കയറിയപ്പോൾ മണി ആറു കഴിഞ്ഞിരുന്നു. വന്നതേ വേഷം മാറിയിട്ട് അവൾ കുളിക്കാനായി ബാത്റൂമിലേക്കു പോയി.

(തുടരും)

# ജർമൻസായിപ്പും അമേരിക്കൻമദാമ്മയും!



ഡോ. തോമസ് മൂലയിൽ

കുഞ്ഞാപ്പൻചേട്ടൻ കല്യാണം കഴിക്കുമ്പോൾ വയസ്സു പതിനെട്ട്. കുഞ്ഞന്നച്ചേടത്തിക്കാവട്ടെ പതിനാറുവയസ്സും. കുഞ്ഞാപ്പൻചേട്ടനു തറവാട്ടുമഹിമ കൂടും. തോമാശ്ലീഹാ മാമ്മോദീസാ മുക്കിയ ശങ്കരപുരി ഇല്ലത്തിന്റെ ശാഖയിൽപ്പെട്ടതാണ് കുഞ്ഞാപ്പൻചേട്ടന്റെ കുടുംബം. പക്ഷേ, 'ഭവനം മദീയം മഹാപുരാണോപമേയം, അർഥങ്ങളില്ലെന്നൊരു ഭേദമുണ്ടാം' എന്നു പറഞ്ഞതുപോലെയാണു സാമ്പത്തികസ്ഥിതി! അതേസമയം, കുഞ്ഞന്നച്ചേടത്തിക്ക് തറവാട്ടുമഹിമ എടുത്തുപറയാനൊന്നുമില്ല. എന്നാൽ, സാമ്പത്തികത്തിന്റെ ഗ്രാഫ് വളരെ ഉയരത്തിലാണ്. കല്യാണാലോചന മുറുകിയപ്പോൾ പ്ലസും മൈനസുമെല്ലാം തട്ടിക്കിഴിച്ചുനോക്കി സമനില വരുത്തിയാണു ചടങ്ങു നടന്നത്. ദാമ്പത്യജീവിതത്തിൽ രണ്ടുപേരും ഇടയ്ക്കിടയ്ക്ക് ഈ പ്ലസ്-മൈനസ് തട്ടിച്ചുനോക്കുകയും അതിന്റെ പേരിൽ ചിലപ്പോൾ അല്ലറചില്ലറ ഈശാപോശായ്ക്കു വഴിവയ്ക്കുകയും ചെയ്യുമായിരുന്നു. എങ്കിലും, പ്ലസും മൈനസും തട്ടിക്കിഴിച്ച് സമനില പാലിച്ചു സമാധാനമായിട്ടേ കിടന്നുറങ്ങിയിരുന്നുള്ളൂ.

കുഞ്ഞന്നച്ചേടത്തിയുടെ താലിമാലയ്ക്കു മുപ്പിരിക്കയറിന്റെ വണ്ണമുണ്ടെന്നു പറയുമ്പോൾ കഴുത്തേൽക്കിടക്കുന്ന ആഭരണഭാരം ഊഹിക്കാമല്ലോ; കാതിലും കൈയേലും വേറേ. സ്ത്രീധനത്തുകയായി രൂപാ പതിനായിരമാ ചേടത്തി കൊണ്ടുവന്നത്. ഇന്നു പത്തുലക്ഷം എന്നു കണക്കാക്കിയാലും തെറ്റില്ല. കുഞ്ഞാപ്പൻചേട്ടനു സ്വന്തമായി അഞ്ചേക്കർ ഭൂമിയുണ്ട്, അതു വീതംവച്ചപ്പോൾ തീറ് എഴുതിക്കിട്ടിയതാണ്. കുഞ്ഞാപ്പൻചേട്ടൻ നല്ല കൃഷിക്കാരനാണ്. തെങ്ങും കമുകും കുരുമുളകുമാണു പ്രധാന കൃഷി, നടുതല സാധനങ്ങൾ - കപ്പ, ചേന, ചേമ്പ്, കാച്ചിൽ എല്ലാം വീട്ടാവശ്യത്തിനുള്ളതു സ്വന്തംനിലയിൽ കൃഷി ചെയ്തുപോന്നു. പാവയ്ക്ക, വെണ്ടയ്ക്ക, കോവയ്ക്ക, വഴുതനങ്ങ, പടവലങ്ങ, കുമ്പളങ്ങ, മത്തങ്ങ മുതലായ പച്ചക്കറി സാധനങ്ങളൊക്കെ അന്നമ്മച്ചേടത്തിവക ആവശ്യത്തിനു മിച്ചമുണ്ട്. ഒരു പങ്ക് അയൽക്കാർക്കു കൊടുക്കുന്ന പതിവുമുണ്ട്. പ്ലാവുനിറയെ ചക്കയുള്ളതുകൊണ്ട് കുറെ വാട്ടിയുണക്കി സൂക്ഷിക്കും. അപ്പോൾ പച്ചക്കപ്പയും പച്ചച്ചക്കയും ഉണക്കുകപ്പയും ഉണക്കുചക്കയും വീട്ടാവശ്യത്തിനുള്ളതുകൊണ്ട് മിഥുനം കർക്കടകമാസത്തിൽ ഉണക്കുകപ്പയും ഉണക്കച്ചക്കയും മാറിമാറി വേവിക്കും. മറ്റു മാസങ്ങളിൽ പച്ചക്കപ്പയും പച്ചച്ചക്കയും. പൊതുവെ പറഞ്ഞാൽ, സാമ്പത്തികനില ഭദ്രം. ഇതു പഴയകാല നസ്രാണിക്കുടുംബങ്ങളുടെ സാമ്പത്തികനിലയുടെ ഒരു സാമ്പിളാണ്.

കുഞ്ഞാപ്പൻചേട്ടനും കുഞ്ഞന്നച്ചേടത്തിക്കും മക്കൾ അഞ്ചുപേർ. മൂത്തതു മൂന്നും പെണ്ണുങ്ങൾ; ഇളയവർ ആണുങ്ങൾ. മൂത്തവൾ റോസമ്മ. അവൾ മഠത്തിൽ ചേർന്നു. അന്നമ്മച്ചേടത്തിയുടെ ആങ്ങളയുടെ മകളുള്ള കർമലീത്താമഠത്തിൽ. അതിന്റെ ഇളയവൾ ക്ലാരമ്മ. അവൾ പഠിക്കാൻ മിടുക്കിയാണ്. കാരണവന്മാർക്കു പഠിക്കാൻ കഴിയാത്തതിലുള്ള ഇച്ഛാഭംഗം ഉള്ളതുകൊണ്ട് മക്കളെ പറ്റുന്നിടത്തോളം പഠിപ്പിക്കണമെന്നാണ് അവരുടെ ആഗ്രഹം. അടുത്തു കോളജില്ലാത്തതിനാൽ ഹോസ്റ്റലിൽ നിർത്തിയാണു പഠിപ്പിച്ചത്. ബിരുദമെടുത്തശേഷം ബിഎഡും പാസായി. മാനേജുമെന്റ് സ്കൂളിൽ ജോലിയും കിട്ടി. ജോലിയായതോടെ കല്യാണാലോചന വന്നു. അതു നടന്നു. ചെറുക്കനും വാധ്യാരാ. ഏറ്റവും ഇളയവൾ സൂസമ്മ. അവൾ പഠിക്കാൻ മിടുമിടുക്കി. ബിഎസ്സി നഴ്സിങ് പാസായി. വിദേശത്തു പോകണമെന്നാണ് അവളുടെ മോഹം. കുഞ്ഞന്നച്ചേടത്തിക്ക് എതിരില്ല. പക്ഷേ, കുഞ്ഞാപ്പൻചേട്ടന് ഒട്ടും താത്പര്യമില്ല. ഇതിനിടെ അവൾതന്നെ ജർമനിയിൽ ജോലി തരപ്പെടുത്തി. മനസ്സില്ലാമനസ്സോടെ കുഞ്ഞാപ്പൻചേട്ടൻ സമ്മതംമൂളി. അവൾ ജർമനിയിലെത്തി. ആള് സ്മാർട്ടായതിനാൽ സായിപ്പന്മാർക്ക് അവളെ നന്നായി ബോധിച്ചു. ഒരുത്തനെ അവൾക്കും ബോധിച്ചു. അതു പ്രേമമായി. കല്യാണം കഴിക്കണമെന്നായി. വീട്ടിൽ വിവരമറിയിച്ചെങ്കിലും സായിപ്പിന്റെ കൂടെ പോകാനുള്ള അവളുടെ പൂതി കുഞ്ഞാപ്പൻചേട്ടനെയും ചേടത്തിയെയും വല്ലാതെ ഉലച്ചു. ഒരു വിധത്തിലും അവർക്ക് അതംഗീകരിക്കാൻ കഴിഞ്ഞില്ല. പക്ഷേ, അവളുടെ തീരുമാനത്തിൽ മാറ്റമില്ല! കാരണവന്മാരുടെ അംഗീകാരത്തിനു പുല്ലുവില! അവൾ അവനോടു ചേർന്നു.

സൂസമ്മയുടെ കല്യാണാലോചനയുമായി ബന്ധപ്പെട്ടുണ്ടായ അസ്വസ്ഥത പരിഹരിക്കപ്പെട്ടത് മാമ്മച്ചന്റെ ദൈവവിളിയിലൂടെയാണ്. ഇനി രണ്ടുവർഷംകൂടിയേയുള്ളൂ പട്ടത്തിന്. ഈ സന്തോഷത്തിൽ സൂസമ്മയുടെ വഴിവിട്ട നീക്കം അവർ മറന്നു. ഏറ്റവും ഇളയവൻ ജോസുകുട്ടി എം.ബി.എ. ഫൈനൽ ഇയറാണ്. ഏറ്റവും ഇളയവനായതിനാൽ ഏറ്റവും കൂടുതൽ ലാളനയും അവനു കിട്ടി. അതിന്റേതായ പ്ലസും മൈനസും സ്വഭാവത്തിലുണ്ട്. എങ്കിലും പഠനം ഉഴപ്പിയില്ല. ബിരുദമെടുത്തു. അവനും സൂസമ്മയുടെ വഴിക്കു നീങ്ങാനാണു താത്പര്യം. വിദേശത്തു പോകണം! പക്ഷേ, സൂസമ്മയുടെ അനുഭവം മനസ്സിലുള്ളതിനാൽ അപ്പനും അമ്മയും ഒന്നുപോലെ എതിർത്തു. കാരണവന്മാരുടെ എതിർപ്പിന് ഇവിടെയും പുല്ലുവില! അവനും സ്വന്തം നിലയിൽ അമേരിക്കൻജോലി തരപ്പെടുത്തി. ഏതായാലും മാമ്മച്ചന്റെ പട്ടം കഴിഞ്ഞു പോകാമെന്ന അവന്റെ തീരുമാനം, ഒരുവിധത്തിൽ കാരണവന്മാർക്ക് ആശ്വാസമായി. പുത്തൻകുർബാന ഭംഗിയായി കഴിഞ്ഞു. ജോസ്മോൻ 'എയറി'ലായി. കുഞ്ഞാപ്പൻ ചേട്ടനും കുഞ്ഞന്നച്ചേടത്തിയും 'എർത്തി'ൽ. ഏകാശ്രയം അച്ചനും കന്യാസ്ത്രീയും! ജോസുകുട്ടി മദാമ്മയെ കെട്ടി അമേരിക്കയിൽ അലിഞ്ഞുചേർന്നു. കുഞ്ഞാപ്പൻചേട്ടനും കുഞ്ഞന്നച്ചേടത്തിയും ദീർഘനിശ്വാസവും നെടുവീർപ്പുമായി വീട്ടുതടങ്കലിൽ ഒറ്റയ്ക്ക്! ജർമൻ സായിപ്പ്



സൂസമ്മയെ ഉപേക്ഷിച്ച് ജർമൻകാരിയുടെ കൂടെപ്പോയ വിവരം സൂസമ്മ പറഞ്ഞല്ല, സൂസമ്മയുടെ കൂട്ടുകാരി പറഞ്ഞാണ് വീട്ടിലറിഞ്ഞത്. അതോടെ, അവർ ആകെ തകർന്നു; ജോസുകുട്ടി മദാമ്മയെ കെട്ടി അവിടെ സെറ്റിൽഡായി. കെട്ടുപൊട്ടിച്ചില്ല എന്ന ഏക ആശ്വാസം. അച്ചനും കന്യാസ്ത്രീയും വല്ലപ്പോഴും വീട്ടിൽ വരുമ്പോൾമാത്രമാണ് കുഞ്ഞാപ്പൻചേട്ടനും കുഞ്ഞന്നച്ചേടത്തിക്കും ആധിക്ക് അല്പം അയവുവരുന്നത്.

കാലം കടന്നുപോയി. മനസ്സിന്റെ തളർച്ച ശരീരത്തിലും പ്രകടമാണ്; വാർധക്യവും കൂടിയായപ്പോൾ അതു കൂടുതൽ പ്രകടം. അധ്വാനംകൊണ്ട് അരോഗദൃഢഗാത്രനായിരുന്ന കുഞ്ഞാപ്പൻ ചേട്ടൻ ഇന്നിതാ അസ്ഥിമാത്രാവശേഷനായിയിരിക്കുന്നു. വിരിമാറിലെ എല്ലുകൾ എണ്ണിത്തിട്ടപ്പെടുത്താവുന്ന പരുവത്തിലായിരിക്കുന്നു. പല്ലെല്ലാം കൊഴിഞ്ഞുപോയതോടെ കവിളൊട്ടി, കാഴ്ചയിൽ വിരൂപനായിരിക്കുന്നു. കുഞ്ഞന്നച്ചേടത്തിയുടെ സ്ഥിതി അതിലും കഷ്ടം. പ്രഷറും പ്രമേഹവും വല്ലാതെ കഷ്ടപ്പെടുത്തുന്നു. വാതം പിടിച്ചു നടുവും കാലും കൈയുമെല്ലാം ശുഷ്കിച്ചെന്നുമാത്രമല്ല, കൂനിയുമാണിരിപ്പ്. ചുക്കിച്ചുളുങ്ങിയ മുഖം. പനങ്കുലപോലെ കിടന്ന മുടിയെല്ലാം കൊഴിഞ്ഞുപോയി. ഉള്ളതുമുഴുവൻ നരച്ചുവെളുത്തു. രണ്ടും പേരും ഞരങ്ങിയും മൂളിയും ഇരിക്കുന്നതല്ലാതെ കാര്യമായ മിണ്ടാട്ടമേയില്ല. ഉള്ളു തുറന്നൊന്നു ചിരിച്ച കാലം മറന്നു. അയൽപക്കത്തുള്ള വേലക്കാരിപ്പെണ്ണ് വന്നു മുറ്റമടിച്ച് കഞ്ഞിയും കറിയും വച്ചിട്ടുപോകും. രണ്ടുപേർക്കും ഭക്ഷണം വേണമെന്നേയില്ല. സന്ധ്യയാകുമ്പോൾ പതിവുള്ള ദീർഘമായ പ്രാർഥന... മുഴുവൻ കൊന്ത ചൊല്ലും രണ്ടുപേരുംകൂടെ. ഉറക്കം വളരെക്കുറവ്. അതുകൊണ്ട്, മൂന്നു നാലു മണിയാകുമ്പോഴേക്കും ഉണരും. പിന്നെ രണ്ടുപേരുംകൂടി നേരം വെളുക്കുന്നതുവരെ കൊന്ത ചൊല്ലും. പതിവുള്ള പള്ളീപ്പോക്ക് പറ്റുകേലന്നായി. അയൽപക്കത്തെ അച്ചാമ്മച്ചേടത്തിയെ മകൻ അപ്പച്ചൻ കാറിൽ പള്ളിയിൽ കൊണ്ടുപോകുന്നതിനാൽ അക്കൂടെ രണ്ടുപേരും ഞായറാഴ്ച മുടങ്ങാതെ പള്ളീൽ പോകുന്നുണ്ട്.

അങ്ങനെയിരിക്കേ, ഒരു ദിവസം രാത്രി പാതിരാ കഴിഞ്ഞു. കുഞ്ഞന്നച്ചേടത്തിക്കു ശ്വാസംമുട്ടലും പരവേശവും...! അയൽപക്കത്തെ അപ്പച്ചനെ വിളിച്ചു. അവൻ വണ്ടിയുമായി വന്നു. ആശുപത്രിയിലെത്തിച്ചു. അപ്പോഴേക്കും തീർത്തും അവശതയിലായിരുന്നു. 'സിവിയർ അറ്റാക്ക്.' ഡ്യൂട്ടിഡോക്ടർ തന്നെ കാർഡിയോളജിസ്റ്റിനെ വിളിച്ചു. അദ്ദേഹം വന്നപ്പോഴേക്കും നില അതീവഗുരുതരമായിക്കഴിഞ്ഞിരുന്നു. ഇതിനോടകം മക്കൾ നാട്ടിലുള്ള മൂന്നുപേരും എത്തിയിരുന്നു. അച്ചൻ രോഗീലേപനം കൊടുത്തു. അച്ചനും സിസ്റ്ററും കണ്ണീർ വാർത്തു പ്രാർഥിച്ചുകൊണ്ടിരുന്നു. കാർഡിയോളജിസ്റ്റ് തീർത്തുപറഞ്ഞു. ഇനി രക്ഷയില്ല. സിസ്റ്റർ ഈശോമറിയം ചൊല്ലിക്കൊടുത്തു. കുഞ്ഞന്നച്ചേടത്തി പതിഞ്ഞ സ്വരത്തിൽ പ്രാർഥന ഏറ്റുചൊല്ലി. സാവകാശം ഒച്ച താഴ്ന്നു. ശ്വാസം നിലച്ചു...! മരണവാർത്തയറിഞ്ഞ് ജോസ്മോൻ ഭാര്യാസമേതം എത്തി. സൂസമ്മയൊഴികെ എല്ലാവരും മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

ജോസ്മോന് അവധി ഒരാഴ്ച മാത്രമേയുള്ളൂ. മൃതസംസ്കാരശുശ്രൂഷ കഴിഞ്ഞു പിറ്റേന്നു മക്കൾ നാലുപേരുംകൂടി ആലോചിച്ചു, ചാച്ചനെ എന്തു ചെയ്യും? അച്ചനും കന്യാസ്ത്രീക്കും വീട്ടിൽനിന്ന് ചാച്ചനെ അന്വേഷിക്കാൻ പറ്റുകേല. ജോസ്മോനു പോകാതിരിക്കാനുംമേലാ. ക്ലാരമ്മയ്ക്കും പോകാതിരിക്കാൻ പറ്റുകേല. നാലുപേരും നിസ്സഹായർ! ആലോചനാസമിതിയിലേക്കു കടന്നുവന്ന കുഞ്ഞാപ്പൻചേട്ടൻ പറഞ്ഞു: ഞാനിവിടെ ഒറ്റയ്ക്കു കഴിഞ്ഞോളാം. നിങ്ങൾ പൊയ്ക്കോളിൻ...! ചാച്ചനെ ഇട്ടേച്ചും മേല, കൊണ്ടും മേല...! നാലുപേരുടെയും ആത്മഗതം. അവസാനം അച്ചൻ പറഞ്ഞു. "ചാച്ചൻ ഒറ്റയ്ക്ക് ഇവിടെ നില്ക്കണ്ട; തത്കാലം ചേച്ചിയുടെ കൂടെ പോയി നില്ക്ക്." എല്ലാവരുംകൂടി നിർബന്ധിച്ച്, ഒരുവിധത്തിൽ ചാച്ചനെ സമ്മതിപ്പിച്ചു...! ഇതൊരു ശാശ്വതപരിഹാരമല്ലെന്ന് എല്ലാവർക്കും അറിയാം.

ക്ലാരമ്മയും പേരക്കുട്ടികളും ചാച്ചനെ പരമാവധി ശുശ്രൂഷിച്ചുകൊണ്ടാണിരുന്നത്. പക്ഷേ, കുഞ്ഞാപ്പൻചേട്ടൻ മൗനിയായിപ്പോയി. ഭക്ഷണം നിർബന്ധിച്ചാൽ കഴിക്കും; അതും പേരിനുമാത്രം. മിക്കവാറും കിടപ്പാണ്. കൈയിൽ കൊന്തയുണ്ട് എപ്പോഴും. റോസമ്മയും മാമ്മച്ചനും ഇടയ്ക്കിടെ വന്നന്വേഷിച്ചുകൊണ്ടിരുന്നു. അവസാനം അവർ രണ്ടുപേരുംകൂടിയാലോചിച്ചു ചാച്ചനെ വൃദ്ധമന്ദിരത്തിലാക്കാമെന്നു തീരുമാനിച്ചു; റോസമ്മയുടെ സന്ന്യാസിനീസമൂഹം നടത്തുന്ന വൃദ്ധമന്ദിരത്തിലാക്കാമെന്നും തീരുമാനിച്ചു. അപ്പോൾ റോസമ്മയ്ക്ക് അന്വേഷിക്കാൻ എളുപ്പമുണ്ടല്ലോ. രണ്ടുപേരുംകൂടി ചാച്ചനുമായി സംസാരിച്ചു. തനിച്ച് ഒരു തീരുമാനമെടുക്കാൻ സാധിക്കാത്ത കുഞ്ഞാപ്പൻചേട്ടൻ അവരുടെ സമ്മർദത്തിനു വഴങ്ങി. കെട്ടിച്ചുവിട്ട പെണ്ണിന്റെ വീട്ടിൽ കഴിയുന്നതിലും ഭേദം ഇതുതന്നെയെന്ന് അദ്ദേഹം ഓർത്തു. അങ്ങനെ, അവസാനം ആ വൃദ്ധൻ വൃദ്ധമന്ദിരത്തിലെ അന്തേവാസിയായി. ഇതുപോലുള്ള എത്രയെത്ര കുഞ്ഞാപ്പൻചേട്ടന്മാരും കുഞ്ഞന്നച്ചേടത്തിമാരും...!

■

Deepanalam Weekly
RNI No : 16998/68
Vol. 57 No. 43 Date of Publication 2 January 2025
Annual Subscription Rate ₹ 400 (For Abroad ₹4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

കെട്ട് ഉറപ്പ്!
Chavara Matrimony.com
Connecting Hearts
കെട്ടുറപ്പുള്ള ബന്ധങ്ങൾക്ക് ചാവറ മാട്രിമണിയിൽ രജിസ്റ്റർ ചെയ്യൂ.
Fr. Anil Philip CMI, Director | Johnson C. Abraham, Executive Director
Chavara Family Welfare Centre
സി.എം.ഐ വൈദികർ നേതൃത്വം നൽകുന്നു
H.O Chavara Cultural Centre, Kochi
29 Branches in Kerala, Bangalore, Coimbatore, Mumbai & Delhi
99617 44444 0484 40 80 333 1800 103 4080
PALA
Call us 9995 777 618
Scan QR Code to Register Your Profile


നന്മ ഹോം നഴ്സിങ്
Reg No. K. 252/2024
H.O. പാലാ Br. കൊഴുവനാൽ
ആശുപത്രി കൂട്ടിരിപ്പ് രോഗീപരിചരണം
വീട്ടുജോലി ബേബി കെയർ
പ്രസവശുശ്രൂഷ
ജോലിക്കാരെ ആവശ്യമുള്ളവരും ജോലി ആവശ്യമുള്ളവരും
ഈ നമ്പറുകളിൽ ബന്ധപ്പെടുക
PH: 9074248155, 7025092689, 8547743590
100 ശതമാനം ഉത്തരവാദിത്വം




കൊട്ടത്തിൽ ആയുർവേദ ഹോസ്പിറ്റൽ
ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org